# മൂപ്പന്മാർക്കും ഉത്തരവാദിത്തമുള്ളവർക്കും വേണ്ടിയുള്ള അന്താരാഷ്ട്ര പരിശീലനം

2025 ഏപ്രിൽ

**പൊതുവിഷയം:**

**ഒരുമനസ്സും**

**പ്രവൃത്തികളുടെ പുസ്തകത്തിന്റെ നിർണായക വശങ്ങളും**

ദൂത് ഒന്ന്

## പ്രവൃത്തികളുടെ പുസ്തകത്തിന്റെ തുടർച്ച— ക്രിസ്തുവിന്റെ സംഘാത തുടർച്ച

EM *Hymns*: ML522, ML75

തിരുവെഴുത്ത് വായന: യോഹ. 5:17; മത്താ. 16:18; എഫെ. 4:13-16; 5:25-27; വെളി. 19:7-9; പ്രവൃ. 9:4-5, 15; 28:31

യോഹ. 5:17 എന്നാൽ യേശു അവരോട്, എന്റെ പിതാവ് ഇതുവരെയും വേലചെയ്യുന്നു, ഞാനും വേല ചെയ്യുന്നു എന്ന് ഉത്തരം പറഞ്ഞു.

മത്താ. 16:18 നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

എഫെ. 4:13 ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,

എഫെ. 4:14 അത് നാം ഇനിമേൽ തിരകളാൽ ഉലയുകയും, തെറ്റിന്റെ വ്യവസ്ഥിതിയുടെ വീക്ഷണത്തോടെ കൗശലത്താൽ, മനുഷ്യരുടെ ഉപായത്താലുള്ള ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുകയും ചെയ്യുന്ന ശിശുക്കൾ ആകാതെ,

എഫെ. 4:15 സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

എഫെ. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ

അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ,

എഫെ. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

എഫെ. 5:27 കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും ആകുന്നു.

വെളി. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

വെളി. 19:8 അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു.

വെളി. 19:9 അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

പ്രവൃ. 9:4 അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു.

പ്രവൃ. 9:5 നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.

പ്രവൃ. 9:15 എന്നാൽ കർത്താവ് അവനോട്, പോകുക, ഇവൻ ജാതികൾക്കും രാജാക്കന്മാർക്കും, യിസ്രായേൽ പുത്രന്മാർക്കും മുമ്പാകെ എന്റെ നാമം വഹിക്കുവാൻ, എനിക്കായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാകുന്നു;

പ്രവൃ. 28:31 സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

**I. പ്രവൃത്തികളുടെ പുസ്തകത്തിന്റെ തുടർച്ച ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യമായി തികഞ്ഞവരാക്കപ്പെട്ട ദൈവ-മനുഷ്യരുടെ സംഘാത ജീവിതത്തോടുകൂടിയ ക്രിസ്തുവിന്റെ തുടർച്ചയാണ്—28:31:**

പ്രവൃ. 28:31 സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു.

A. കർത്താവ് പറഞ്ഞു: "എന്റെ പിതാവ് ഇതുവരെയും വേല ചെയ്യുന്നു, ഞാനും വേല ചെയ്യുന്നു" (യോഹ. 5:17); സാത്താന്റെ മത്സരത്തിനും

മനുഷ്യന്റെ വീഴ്ചയ്ക്കും ശേഷം, ദൈവം ഇന്നുവരെയും പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നുവെന്നും കർത്താവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നും ഇത് കാണിക്കുന്നു.

B. പ്രവൃത്തികളുടെ പുസ്തകം ദൈവത്തിന്റെ വേലയുടെ ഒരു രേഖയാണ്; പ്രവൃത്തികൾ 28-നു ശേഷം ദൈവത്തിന്റെ അനേകം പാത്രങ്ങൾ ഇപ്പോഴും അവന്റെ വേല നിർവഹിച്ചുകൊണ്ടിരിക്കുന്നു; അവന്റെ വേല തുടർന്നുകൊണ്ടിരിക്കുന്നു, നിന്നുപോയിട്ടില്ല.

Acts 28 be omitted.

C. രാജ്യം വരെയും പുതിയ ആകാശവും പുതിയ ഭൂമിയും വരെയും അവന്റെ വേല തുടർന്നുകൊണ്ടിരിക്കും; ദൈവം എപ്പോഴും മുന്നേറിക്കൊണ്ടിരിക്കുന്നു; അവൻ ഒരിക്കലും നിർത്തുന്നില്ല; നാം ഇത് അറിയുകയും ഇതിൽ വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം കർത്താവിനെ സ്തുതിക്കും; പുതിയ യെരുശലേം എന്ന നിലയിൽ പോലും, അവന്റെ അടിമകൾ പുരോഹിതന്മാരായി അവനെ സേവിക്കും—വെളി. 22:3; പ്ര.നി. പ്രവൃ. 13:36.

വെളി. 22:3 ഒരു ശാപവും ഇനിമേൽ ഉണ്ടാകുകയില്ല. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഉണ്ടായിരിക്കും, അവന്റെ അടിമകൾ അവനെ സേവിക്കും;

പ്രവൃ. 13:36a ദാവീദ്, തന്റെ തലമുറയെ ദൈവത്തിന്റെ ആലോചനയാൽ സേവിച്ചിട്ട്., ...

D. ക്രിസ്തു വിശ്വാസികളിലൂടെയുള്ള അവന്റെ പ്രചരണത്തിനും പെരുക്കത്തിനും വ്യാപനത്തിനുമായി ക്രിസ്തുവിനെ പ്രസംഗിക്കുന്നതിൽ പരിശുദ്ധാത്മാവിന്റെ പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടില്ല; അത് വളരെക്കാലം തുടർന്നുകൊണ്ടിരിക്കേണ്ടതാവശ്യമാണ്.

E. ക്രിസ്തുവിന്റെ വർദ്ധനവിനായി ദൈവവചനം ഇപ്പോഴും വളരുകയും പെരുകുകയും ചെയ്തുകൊണ്ടിരിക്കുന്നു—6:7; 12:24; 19:20:

പ്രവൃ. 6:7 ദൈവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ വിശ്വാസം അനുസരിച്ചു.

പ്രവൃ. 12:24 എന്നാൽ ദൈവവചനം വളർന്നു പെരുകി.

പ്രവൃ. 19:20 അങ്ങനെ, കർത്താവിന്റെ വചനം ശക്തിയോടെ വളർന്നു പ്രബലപ്പെട്ടു.

1. പ്രവൃത്തികൾ 6:7-ലെ *വളർന്നു* എന്നത് ജീവനിലുള്ള വളർച്ചയെ പരാമർശിക്കുന്നു; ദൈവത്തിന്റെ വചനം ക്രിസ്തുവിന്റെ വർദ്ധനവിനായി, നമ്മുടെ ഉള്ളിൽ ദൈവത്തിന്റെ വളർച്ചയ്ക്കുവേണ്ടി, മനുഷ്യന്റെ ഹൃദയത്തിലേക്ക് വിതയ്ക്കപ്പെട്ട ഒരു വിത്തുപോലെ

വളരുന്ന ജീവന്റെ ഒരു വിഷയമാണെന്ന് ഇതു സൂചിപ്പിക്കുന്നു—മർക്കൊ. 4:14; കൊലൊ. 2:19.

| | |
|---|---|
| പ്രവൃ. 6:7 | ദൈവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ വിശ്വാസം അനുസരിച്ചു. |
| മർക്കൊ. 4:14 | വിതയ്ക്കുന്നവൻ വചനം വിതയ്ക്കുന്നു. |
| കൊലൊ. 2:19 | തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്. |

2. പ്രവൃത്തികൾ 12:24-ലെ *പെരുകി* എന്നത് എണ്ണത്തിലുള്ള ക്രിസ്തുവിന്റെ വർദ്ധനവിനെ സൂചിപ്പിക്കുന്നു; വാസ്തവത്തിൽ, ശിഷ്യന്മാരുടെ വർദ്ധനവ് വചനത്തിന്റെ വളർച്ചയെ ആശ്രയിച്ചിരിക്കുന്നു.

| | |
|---|---|
| പ്രവൃ. 12:24 | എന്നാൽ ദൈവവചനം വളർന്നു പെരുകി. |

3. ക്രിസ്തുവിന്റെ ഭാഗങ്ങളായിത്തീരുവാൻ, ക്രിസ്തുവിന്റെ അവയവങ്ങളായിത്തീരുവാൻ പുതിയ ശിഷ്യന്മാർ "കർത്താവിനോട് ചേർക്കപ്പെട്ടുകൊണ്ടിരുന്നു"—5:14; 11:24; റോമ. 15:16.

| | |
|---|---|
| പ്രവൃ. 5:14 | പുരുഷന്മാരും സ്ത്രീകളും അടങ്ങുന്ന വിശ്വാസികളുടെ പുരുഷാരം, അത്യധികമായി കർത്താവിനോട് ചേർക്കപ്പെട്ടുകൊണ്ടിരുന്നു. |
| പ്രവൃ. 11:24 | അവൻ നല്ല മനുഷ്യനും പരിശുദ്ധാത്മാവിനാലും വിശ്വാസത്താലും നിറഞ്ഞവനും ആയിരുന്നു. ഗണ്യമായ ഒരു കൂട്ടം കർത്താവിനോടു ചേർക്കപ്പെട്ടു. |
| റോമ. 15:16 | അത്, ജാതികൾ എന്ന വഴിപാട് പരിശുദ്ധാത്മാവിൽ വിശുദ്ധീകരിക്കപ്പെട്ടിട്ട് സ്വീകാര്യമാകേണ്ടതിന്, ദൈവത്തിന്റെ സുവിശേഷത്തിന്റെ അധ്വാനിക്കുന്ന പുരോഹിതനായി, ഞാൻ ജാതികൾക്ക് ക്രിസ്തു യേശുവിന്റെ ശുശ്രൂഷകൻ ആകേണ്ടതിന് തന്നെ. |

F. ക്രിസ്തുവിന്റെ പ്രചരണത്തിനും പെരുക്കത്തിനും വ്യാപനത്തിനും വേണ്ടിയുള്ള ഇങ്ങനെയുള്ള ഒരു സുവിശേഷ വേല, ദൈവത്തിന്റെ നിത്യപദ്ധതി നടപ്പിലാക്കുന്നതിനും അവന്റെ നിത്യഹിതത്തിന്റെ പൂർത്തീകരണത്തിനുമായി ക്രിസ്തുവിന്റെ ശരീരത്തെ സംരചിക്കുവാൻ (12:5) ക്രിസ്തുവിന്റെ അവയവങ്ങളായിരിക്കേണ്ടതിന് ദൈവത്തിന് അനേകം പുത്രന്മാരെ ഉളവാക്കുന്നതിനുവേണ്ടി ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയ്ക്കൊത്തവണ്ണമാണ് (8:29); പ്രവൃത്തികളുടെ

പുസ്തകത്തെ തുടർന്നുള്ള ഇരുപത്തൊന്ന് ലേഖനങ്ങളിലും വെളിപ്പാട് പുസ്തകത്തിലും ഇത് വിശദമായി വെളിപ്പെടുത്തിയിരിക്കുന്നു.

റോമ. 8:29 എന്തുകൊണ്ടെന്നാൽ അവൻ മുന്നറിഞ്ഞവരെ, തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;

റോമ. 12:5 പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും, വ്യക്തിപരമായി അന്യോന്യം അവയവങ്ങളും ആകുന്നു..

G. ദൈവം സംഘാതമായി പ്രകാശിക്കുന്ന ഒരു പാത്രത്തിന്റെ, ഒരു സാക്ഷ്യ പാത്രത്തിന്റെ പിന്നാലെയായതിനാൽ അവന്റെ മക്കൾ ക്രിസ്തുവിന്റെ ശരീരബോധത്തിലേക്ക് കൊണ്ടുവരപ്പെടുകയും ശരീരജീവിതം നയിക്കുവാൻ പഠിക്കുകയും വേണം; അല്ലെങ്കിൽ, അവർ അവന്റെ കൈകളിൽ ഉപയോഗശൂന്യരായിരിക്കുകയും, അവന്റെ ലക്ഷ്യം ഒരിക്കലും നിറവേറ്റുവാൻ കഴിയാതിരിക്കുകയും ചെയ്യും—റോമ. 12:1-3; 1 കൊരി. 12:12; വെളി. 1:10-12.

റോമ. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

റോമ. 12:3 ഭാവിക്കേണ്ടതിന് മീതെ തന്നെത്താൻ ഭാവിക്കാതെ, സുബോധമാകുംവണ്ണം, ദൈവം ഓരോരുത്തന് വിശ്വാസത്തിന്റെ അളവ് പകുത്തുനൽകിയിരിക്കുന്നതുപോലെ ഭാവിക്കണമെന്ന് എനിക്ക് നൽകിയിരിക്കുന്ന കൃപയിലൂടെ, നിങ്ങളിൽ ഓരോരുത്തനോടും ഞാൻ പറയുന്നു.

1 കൊരി. 12:12 എന്തെന്നാൽ ശരീരം ഒന്നും, അതിന് പല അവയവങ്ങൾ ഉണ്ടായിരിക്കുകയും, ശരീരത്തിലെ അവയവങ്ങളെല്ലാം പലതായിരിക്കെ, ഒരു ശരീരം ആയിരിക്കുന്നതുപോലെ ആകുന്നു ക്രിസ്തുവും.

വെളി. 1:10 കർത്തൃദിവസം ഞാൻ ആത്മാവിൽ ആയിരിക്കുകയും, എന്റെ പുറകിൽ കാഹളനാദംപോലെ ഉച്ചത്തിൽ ഒരു ശബ്ദം കേൾക്കുകയും ചെയ്തു,

വെളി. 1:11 അതു പറഞ്ഞത്, നീ കാണുന്നത് ഒരു ചുരുളിൽ എഴുതി ഏഴു

|  |  |
|---|---|
|  | സഭകൾക്ക്: എഫെസൊസിനും സ്മുർന്നയ്ക്കും പെർഗ്ഗമൊസിനും തുയഥൈരയ്ക്കും സർദ്ദിസിനും ഫിലദെൽഫ്യയ്ക്കും ലവൊദിക്യക്കും അയയ്ക്കുക. |
| വെളി. 1:12 | എന്നോട് സംസാരിച്ച ശബ്ദം കാണുവാൻ ഞാൻ തിരിഞ്ഞു; തിരിഞ്ഞപ്പോൾ, ഏഴു പൊൻനിലവിളക്കുകളെയും, |

## II. പ്രവൃത്തികളുടെ പുസ്തകത്തിലെ ക്രിസ്തുവിന്റെ തുടർച്ച വേദപുസ്തകത്തിൽ പ്രവചിക്കപ്പെട്ടിരിക്കുന്നു:

A. ഭൂമിയിൽ ദൈവത്തിന്റെ നീതി സ്ഥാപിക്കുന്നത് നിറവേറ്റികഴിയുമ്പോൾ ക്രിസ്തു വീണ്ടും വരുമെന്ന് യെശയ്യാവ് 42:4 പറയുന്നു, അതർഥിമാക്കുന്നത് ക്രിസ്തുവിന്റെ മേലുള്ള ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയുടെ ഫലമായി ദൈവത്തിന്റെ രക്ഷ സ്ഥാപിക്കുന്നു എന്നാണ്—അടിക്കുറിപ്പ് 3 കാണുക.

|  |  |
|---|---|
| യെശ. 42:4 | ഭൂമിയിൽ ന്യായം സ്ഥാപിക്കുംവരെ അവൻ തളരുകയില്ല; അധൈര്യപ്പെടുകയുമില്ല; അവന്റെ ഉപദേശത്തിന്നായി ദ്വീപുകൾ കാത്തിരിക്കുന്നു. |
| note 3 | Justice (vv. 1, 3-4) is righteousness passing through judgment. It is the verdict of the judgment on righteousness. In this book it refers to salvation as the result of God's judgment on Christ, the righteous One, which was executed according to God's righteous law and completely fulfills all the requirements of that law (cf. Gal. 2:19 and note 1). To establish justice in the earth means to establish God's salvation as the issue of God's judgment on Christ. God's salvation is of two aspects — justification as the judicial aspect and the impartation of life as the organic aspect (Rom. 5:10, 18). God justifies and imparts life to the believers based on Christ's redemption accomplished through God's righteous judgment; this is justice. Christ will come again when He finishes the establishing of God's justice, God's salvation, in this earth. |

B. ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലുള്ള അവന്റെ തുടർച്ചയെക്കുറിച്ച് യെശയ്യാവ് 53:10 പ്രവചിക്കുന്നു—"അവൻ സന്തതിയെ കാണുകയും, ദീർഘായുസ്സ് പ്രാപിക്കുകയും, യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കുകയും ചെയ്യും":

1. ഒരു സംഘാത സന്തതിയായ ഇവിടെയുള്ള സന്തതി, ഏക ഗോതമ്പുമണിയായ ക്രിസ്തുവിന്റെ മരണത്താലും അവന്റെ പ്രത്യുൽപാദന പുനരുത്ഥാനത്താലും അനേകം മണികളായി ഉളവാക്കപ്പെട്ട എല്ലാ വിശ്വാസികളും ചേരുന്ന ക്രിസ്തുവിന്റെ ശരീരമായ സഭയാണ് (യോഹ. 12:24; 1 പത്രൊ. 1:3); യഹോവയുടെ പ്രസാദത്തിനും ക്രിസ്തുവിന്റെ സംതൃപ്തിക്കും വേണ്ടിയുള്ള തന്റെ തുടർച്ചയായി തന്റെ ശരീരം കെട്ടുപണി ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു സന്തതിയെ ഉളവാക്കുന്നതിനായി ഉയിർത്തെഴുന്നേറ്റ ജീവദാതാവ്,

ജീവൻ-നൽകുന്ന ആത്മാവ്, ആണ് യഹോവയുടെ ദാസനായ ക്രിസ്തു (1 കൊരി. 15:45; 2 കൊരി. 3:6, 17).

| | |
|---|---|
| യോഹ. 12:24 | സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു. |
| 1 പത്രൊ. 1:3 | നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു, |
| 1 കൊരി. 15:45 | അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |
| 2 കൊരി. 3:6 | അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു. |
| 2 കൊരി. 3:17 | കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്. |

2. ക്രിസ്തു "ദീർഘായുസ്സ് പ്രാപിക്കുന്നു" എന്നതിന്റെ അർഥം ഇന്ന് ക്രിസ്തു തന്റെ വിശ്വാസികളിൽ ജീവിച്ചുകൊണ്ട് തന്റെ നാളുകളെ ദീർഘമാക്കുന്നു എന്നാണ് (ഗലാ. 2:20; പ്രവൃ. 28:9-ലെ അടിക്കുറിപ്പ് 1 കാണുക); തന്റെ ശരീരമായ അവന്റെ വിശ്വാസികൾ അവന്റെ വിപുലീകരണമാണ്.

| | |
|---|---|
| ഗലാ. 2:20 | ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു. |
| പ്രവൃ. 28:9 | ഇതു സംഭവിച്ചപ്പോൾ, ദ്വീപിൽ രോഗമുണ്ടായിരുന്ന ശേഷിച്ചവരും അവന്റെ അടുക്കൽ വന്നു സൗഖ്യം പ്രാപിച്ചു. |

note 1 On the sea in the storm, the Lord had made the apostle not only the owner of his fellow voyagers (27:24) but also their life-guarantor and comforter (27:22, 25). Now, on the land in peace, the Lord made him furthermore not

only a magical attraction in the eyes of the superstitious people (vv. 3-6) but also a healer and a joy to them (vv. 8-9). All during the apostle's long and unfortunate imprisonmentvoyage, the Lord kept the apostle in His ascendancy and enabled him to live a life far beyond the realm of anxiety. This life was fully dignified, with the highest standard of human virtues expressing the most excellent divine attributes, a life that resembled the one that the Lord Himself had lived on the earth years before. This was Jesus living again on the earth in His divinely enriched humanity! This was the wonderful, excellent, and mysterious God-man, who lived in the Gospels, continuing to live in the Acts through one of His many members! This was a living witness of the incarnated, crucified, resurrected, and God-exalted Christ! Paul in his voyage lived and magnified Christ (Phil. 1:20-21). It is no wonder that the people honored him and his companions with many honors (v. 10), that is, with the greatest respect and highest regard! An ambassador sent by God should be treated by men with such respect and regard.

3. ക്രിസ്തുവിന്റെ സംഘാത ആവിഷ്കാരമെന്ന നിലയിൽ ക്രിസ്തുവിന്റെ ശരീരമായ സഭയെ സംരചിക്കുന്ന ക്രിസ്തുവിന്റെ അവയവങ്ങളായിത്തീരുവാൻ അവനിൽനിന്നും ജനിച്ച അനേക പുത്രന്മാരെ കാണുന്നതാണ് ദൈവത്തിന്റെ പ്രസാദം (എഫെ. 1:5, 9; ഫിലി. 2:13).

| | |
|---|---|
| എഫെ. 1:5 | യേശു ക്രിസ്തു മുഖാന്തരം തനിക്കുതന്നെ പുത്രത്വത്തിങ്കലേക്കു നമ്മെ മുൻനിയമിച്ചുകൊണ്ട്, ലോകസ്ഥാപനത്തിനു മുമ്പേ അവനിൽ നമ്മെ അവൻ തിരഞ്ഞെടുത്തു, |
| എഫെ. 1:9 | അവൻ തന്നിൽത്തന്നെ നിർണയിച്ച തന്റെ സുപ്രസാദ പ്രകാരം തന്റെ ഹിതത്തിന്റെ മർമം നമ്മോട് അറിയിച്ചു, |
| ഫിലി. 2:13 | എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു. |

C. ക്രിസ്തു "തന്റെ പ്രയത്നഫലം കണ്ട് തൃപ്തനാകും" എന്ന് യെശയ്യാവ് 53:11 പറയുന്നു; തന്റെ പ്രയത്നഫലം വിവക്ഷിക്കുന്നത് ക്രിസ്തുവിന്റെ തുടർച്ചയെന്ന നിലയിൽ പുനരുത്ഥാനത്തിലും പുനരുത്ഥാനത്തിലൂടെയും ഉളവാക്കപ്പെട്ട എല്ലാ കാര്യങ്ങളെയുമാണ്:

1. പ്രക്രിയാവിധേയനെന്ന നിലയിൽ ഒടുക്കത്തെ ആദാമായ ക്രിസ്തു, ജീവ-പകർച്ചയിലൂടെ തന്റെ പ്രചരണത്തിനുവേണ്ടി ശ്വാസക്രിസ്തുവിന്റെ യാഥാർഥ്യമായ ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നു—1 കൊരി. 15:45; 2 കൊരി. 3:17.

| | |
|---|---|
| 1 കൊരി. 15:45 | അങ്ങനെ, "ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു" എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു. |
| 2 കൊരി. 3:17 | കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ |

ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2. സർവോൽകൃഷ്ടനെന്ന നിലയിൽ, എല്ലാറ്റിലും ഒന്നാം സ്ഥാനമുള്ളവനെന്ന നിലയിൽ ക്രിസ്തു, ദൈവത്തിന്റെ പുതിയ സൃഷ്ടിയുടെ മുളപ്പിക്കലിനുവേണ്ടിയും ശരീരത്തിന്റെ തലയാകുന്നതിനു വേണ്ടിയും, മരിച്ചവരിൽനിന്നുള്ള ആദ്യജാതനായിത്തീർന്നു—കൊലൊ. 1:18; വെളി. 1:5.

| | |
|---|---|
| കൊലൊ. 1:18 | അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു; |
| വെളി. 1:5a | വിശ്വസ്ത സാക്ഷിയും, മരിച്ചവരിൽ നിന്ന് ആദ്യജാതനും ഭൂരാജാക്കന്മാരുടെ അധിപതിയുമായ യേശു ക്രിസ്തുവിൽ നിന്നും, നിങ്ങൾക്ക് കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ.... |

3. ദൈവ-മനുഷ്യനെന്ന നിലയിൽ ക്രിസ്തു, ദിവ്യവും മാനുഷികവുമായ പ്രകൃതങ്ങളിൽ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിരിക്കുവാൻ, തന്റെ സ്വരൂപത്തോട് അനേകം പുത്രന്മാരെ അനുരൂപരാക്കുന്നതിനുള്ള ഒരു മാതൃകയാകുവാൻ (റോമ. 8:29) തന്റെ മനുഷ്യത്വത്തിൽ ദൈവത്തിൽനിന്ന് ജനിച്ചു (പ്രവൃ. 13:33).

| | |
|---|---|
| പ്രവൃ. 13:33 | "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനത്തിൽ എഴുതിയിരിക്കുന്നതുപോലെ, ദൈവം ഈ വാഗ്ദത്തം യേശുവിനെ ഉയിർപ്പിക്കുന്നതിൽ അവരുടെ മക്കളായ നമുക്ക് പൂർണമായി നിവർത്തിച്ചിരിക്കുന്നു. |
| റോമ. 8:29b ... | തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു;; |

4. പുനരുത്ഥാന ജീവനെന്ന നിലയിൽ (യോഹ. 11:25) ക്രിസ്തു, തന്റെ എല്ലാ വിശ്വാസികളെയും തന്റെ സഹോദരന്മാരും ദൈവത്തിന്റെ അനേകം പുത്രന്മാരും ആക്കിക്കൊണ്ട് (എബ്രാ. 2:10-12; റോമ. 8:29; യോഹ. 20:17) അവരെ വീണ്ടുംജനിപ്പിച്ചു (1 പത്രൊ. 1:3); അവർ ദൈവത്തിന്റെ രാജ്യവും ദൈവത്തിന്റെ വിലയേറിയ അവകാശവുമാകുവാൻ ദൈവത്തിന്റെ ഭവനത്തിലെ അംഗങ്ങളാണ് (എഫെ. 2:19; ഗലാ: 6:10; എഫെ. 1:11).

| | |
|---|---|
| യോഹ. 11:25 | യേശു അവളോട്, ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിലേക്ക് വിശ്വസിക്കുന്നവൻ മരിക്കേണ്ടിവന്നാലും, ജീവിക്കും; |
| 1 പത്രൊ. 1:3 | നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ |

| | |
|---|---|
| | ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ, അവൻ മരിച്ചവരിൽനിന്നുള്ള യേശു ക്രിസ്തുവിന്റെ പുനരുത്ഥാനത്തിലൂടെ ജീവനുള്ള പ്രത്യാശയിങ്കലേക്കു തന്റെ മഹാകരുണപ്രകാരം നമ്മെ വീണ്ടുംജനിപ്പിച്ചു, |
| എബ്രാ. 2:10 | എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു. |
| എബ്രാ. 2:11 | എന്തെന്നാൽ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു, ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല, |
| എബ്രാ. 2:12 | "ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു പ്രഖ്യാപിക്കും; സഭാമധ്യേ ഞാൻ നിനക്കു സ്തുതിഗീതങ്ങൾ പാടും" എന്നും, |
| റോമ. 8:29b | ...തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്, അവന്റെ സ്വരൂപത്തോട് അനുരൂപരാകുവാൻ മുൻനിയമിച്ചിരിക്കുന്നു; |
| യോഹ. 20:17 | യേശു അവളോട്, എന്നെ തൊടരുത്, എന്തെന്നാൽ ഞാൻ ഇതുവരെ പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്തിട്ടില്ല; എന്നാൽ എന്റെ സഹോദരന്മാരുടെ അടുക്കൽ പോയി അവരോട്, എന്റെ പിതാവും നിങ്ങളുടെ പിതാവും, എന്റെ ദൈവവും നിങ്ങളുടെ ദൈവവും ആയവന്റെ അടുക്കലേക്ക് ഞാൻ ആരോഹണം ചെയ്യുന്നു എന്നു പറയുക. |
| എഫെ. 2:19 | അതിനാൽ നിങ്ങൾ ഇനി അന്യരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനത്തിലെ അംഗങ്ങളും ആകുന്നു. |
| ഗലാ. 6:10 | അതുകൊണ്ട് അവസരം ഉള്ളതുപോലെ നാം എല്ലാവർക്കും, വിശേഷാൽ വിശ്വാസത്തിന്റെ ഭവനക്കാർക്ക് നന്മ ചെയ്യുക. |
| എഫെ. 1:11 | തന്റെ ഹിതത്തിന്റെ ആലോചനപ്രകാരം സകലതും പ്രവർത്തിക്കുന്നവന്റെ ഉദ്ദേശ്യത്തിനൊത്തവണ്ണം മുൻനിയമിക്കപ്പെട്ടിട്ട്, അവനിൽ നാം അവകാശമായി നിയുക്തരാക്കപ്പെട്ടു,, |

5. ഏക ഗോതമ്പുമണിയെന്ന നിലയിൽ ക്രിസ്തു അനേകം മണികളായിത്തീർന്നു (യോഹ. 12:24); അവർ തന്റെ വർദ്ധനവും (3:30) തന്റെ ശരീരത്തിന്റെ ഘടകാംശങ്ങളും, അതായത്, ഒരു അപ്പമായ സഭയും ആണ് (1 കൊരി. 10:17; എഫെ. 1:22-23).

| | |
|---|---|
| യോഹ. 12:24 | സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, ഗോതമ്പുമണി നിലത്തു വീണു ചാകുന്നില്ല എങ്കിൽ, അതു തനിയേ വസിക്കുന്നു; എന്നാൽ അത് ചാകുന്നു എങ്കിൽ, വളരെ ഫലം കായ്ക്കുന്നു. |
| യോഹ. 3:30 | അവൻ വർധിക്കണം, ഞാനോ കുറയേണം. |
| 1 കൊരി. 10:17 | അപ്പം ഒന്നാണെന്നു കാണുന്നതുകൊണ്ട്, പലരായ നാം ഒരു ശരീരം ആകുന്നു; നാം എല്ലാവരും ഒരു അപ്പത്തിൽനിന്നു പങ്കുകൊള്ളുന്നുവല്ലോ. |
| എഫെ. 1:22 | സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി, |
| എഫെ. 1:23 | എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു. |

6. ജീവൻ-വിടുവിക്കുന്ന തന്റെ മരണത്തിലൂടെയും ജീവൻ-പകരുന്ന തന്റെ പുനരുത്ഥാനത്താലും, ക്രിസ്തു തന്റെ പ്രയത്നഫലമായി ഒരു സംഘാത സന്തതിയെ ഉളവാക്കി; ആ സന്തതിയെ അവൻ തന്റെ പുനരുത്ഥാനത്തിൽ കാണുകയും തൃപ്തനാകുകയും ചെയ്തു (യെശ. 53:10-11; പ്ര.നി. ഗലാ. 3:29).

| | |
|---|---|
| യെശ. 53:10 | എന്നാൽ അവനെ തകർത്തുകളവാൻ യഹോവെക്കു ഇഷ്ടംതോന്നി; അവൻ അവന്നു കഷ്ടം വരുത്തി; അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായിത്തീർന്നിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസ്സു പ്രാപിക്കയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും. |
| യെശ. 53:11 | അവൻ തന്റെ പ്രയത്നഫലം കണ്ടു തൃപ്തനാകും; നീതിമാനായ എന്റെ ദാസൻ തന്റെ പരിജ്ഞാനം കൊണ്ടു പലരെയും നീതീകരിക്കും; അവരുടെ അകൃത്യങ്ങളെ അവൻ വഹിക്കും. |
| ഗലാ. 3:29 | നിങ്ങൾ ക്രിസ്തുവിന്റേത് എങ്കിൽ, നിങ്ങൾ അബ്രാഹാമിന്റെ സന്തതിയും, വാഗ്ദത്ത പ്രകാരം അവകാശികളും ആകുന്നു. |

7. വിശ്വാസികളുടെ ജീവനെന്ന നിലയിൽ പുനരുത്ഥാനം ചെയ്ത ക്രിസ്തു പുതുമനുഷ്യന്റെ എല്ലാ അവയവങ്ങളും എല്ലാ അവയവങ്ങളിലും ആകുന്നു—കൊലൊ. 3:10-11.

കൊലൊ. 3:10 തന്നെ സൃഷ്ടിച്ചവന്റെ സ്വരൂപപ്രകാരം പൂർണ പരിജ്ഞാനത്തിങ്കലേക്ക് പുതുക്കപ്പെടുന്ന, പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ,

കൊലൊ. 3:11 അവിടെ യവനനും യെഹൂദനും, പരിച്ഛേദനയും അഗ്രചർമവും, ബർബ്ബരൻ, ശകൻ, അടിമ, സ്വതന്ത്രൻ എന്നിവർ ഉണ്ടായിരിക്കുവാൻ കഴിയില്ല, ക്രിസ്തുവത്രേ എല്ലാവരും ആകുന്നു, എല്ലാവരിലും ആകുന്നു.

D. മീഖാ 5:2 ബെത്ലഹേമിലെ ക്രിസ്തുവിന്റെ ജഡാവതാരത്തെ സംബന്ധിച്ച്, “അവന്റെ [കടന്നുപോകലുകൾ] പണ്ടേയുള്ളതും [നിത്യതയുടെ നാൾ മുതലുള്ളതും] തന്നേ” എന്ന് പ്രവചിക്കുന്നു:

മീഖാ. 5:2 നീയോ, ബേത്ലേഹേം എഫ്രാത്തേ, നീ യെഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന്നു അധിപതിയായിരിക്കേണ്ടുന്നവൻ എനിക്കു നിന്നിൽനിന്നു ഉത്ഭവിച്ചുവരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ.

1. ക്രിസ്തുവിന്റെ കടന്നുപോകലുകൾ, അവന്റെ പ്രത്യക്ഷപ്പെടൽ, തുടർമാനമായ ഒരു കാര്യമാണ്; അവന്റെ ജഡാവതാരത്തിന്റെ സമയത്ത് അവൻ കടന്നുപോകവാൻ തുടങ്ങി; അവന്റെ ജഡാവതാരത്തിനുശേഷം, തന്റെ മനുഷ്യജീവിതത്തിലൂടെയും, അവന്റെ മണത്തിലൂടെയും, അവന്റെ പുനരുത്ഥാനത്തിലൂടെയും, അവന്റെ ആരോഹണത്തിലൂടെയും, (ക്രിസ്തുവിന്റെ തന്നെ യാഥാർഥ്യമായ) പരിണതി പ്രാപിച്ച ആത്മാവിന്റെ കവിഞ്ഞൊഴുക്കിലൂടെയും, ആൾപ്പാർപ്പുള്ള മുഴുവൻ ഭൂമിയോടും സുവിശേഷം പ്രസംഗിക്കുന്നതിലൂടെയുള്ള അവന്റെ വ്യാപനത്തിലൂടെയും അവൻ കടന്നുപോകുന്നത് തുടർന്നു; ഇതെല്ലാം ക്രിസ്തുവിന്റെ കടന്നുപോകലിലെ വലിയ പടികളാണ്.

2. അവന്റെ കടന്നുപോകൽ അവസാനിച്ചിട്ടില്ല, ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു; എതിർക്രിസ്തുവിനെ പരാജയപ്പെടുത്തി അവനെ തീപ്പൊയ്കയിലേക്ക് എറിയുവാൻ വീരന്മാരായ ജയാളികളോടുകൂടെ അവൻ മടങ്ങിവരുകയും (വെളി. 19:19-20; യോവേ. 3:11), സാത്താനെ അഗാധത്തിലേക്ക് എറിയുകയും (20:2-3), രാജാവായി വാഴുവാൻ തന്റെ സിംഹാസനം ക്രിസ്തു സ്ഥാപിക്കുകയും ചെയ്യുമ്പോൾ (മത്തായി 25:31, 34, 40) ക്രിസ്തുവിന്റെ കടന്നുപോകൽ, അവന്റെ പ്രത്യക്ഷപ്പെടൽ, പരിണതി പ്രാപിക്കും; ആ സമയത്ത് അവന്റെ പ്രത്യക്ഷത പൂർത്തിയാകും.

യോവേ. 3:11 ചുറ്റുമുള്ള സകലജാതികളുമായുള്ളോരേ, ബദ്ധപ്പെട്ടു വന്നുകൂടുവിൻ! യഹോവേ, അവിടേക്കു നിന്റെ വീരന്മാരെ ഇറങ്ങുമാറാക്കേണമേ.

വെളി. 19:19 പിന്നെ കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യുവാൻ മൃഗത്തെയും

ഭൂരാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും കൂട്ടിവരുത്തിയിരിക്കുന്നത് ഞാൻ കണ്ടു.

| | |
|---|---|
| വെളി. 19:20 | മൃഗത്തെയും അവനോടുകൂടെ, അവന്റെ സന്നിധിയിൽ താൻ ചെയ്ത അടയാളങ്ങളാൽ മൃഗത്തിന്റെ അടയാളം സ്വീകരിക്കുകയും അവന്റെ പ്രതിമയെ ആരാധിക്കുകയും ചെയ്തവരെ വഞ്ചിച്ച കള്ളപ്രവാചകനെയും പിടികൂടി. ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് ജീവനോടെ എറിഞ്ഞു കളഞ്ഞു. |
| വെളി. 20:2 | അവൻ പിശാചും സാത്താനും എന്ന, പുരാതന സർപ്പമായ വ്യാളിയെ പിടിക്കുകയും, അവനെ ആയിരം സംവത്സരത്തേക്കു ബന്ധിക്കുകയും, |
| വെളി. 20:3 | ആയിരം സംവത്സരം പൂർത്തിയാകുന്നതുവരെ രാഷ്ട്രങ്ങളെ ഇനിമേൽ വഞ്ചിക്കാതിരിക്കേണ്ടതിന്, അവനെ അഗാധത്തിലേക്ക് എറിയുകയും അതിനെ അടച്ച് അവനു മീതെ അതിനെ മുദ്രയിടുകയും ചെയ്തു; ഈ കാര്യങ്ങൾക്കുശേഷം അവനെ അൽപനേരത്തേക്ക് അഴിച്ചു വിടേണ്ടതാകുന്നു. |
| മത്താ. 25:31 | എന്നാൽ മനുഷ്യപുത്രൻ തന്റെ തേജസ്സിൽ തന്നോടൊപ്പം സകല ദൂതന്മാരുമായി വരുമ്പോൾ, അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിന്മേൽ ഇരിക്കും. |
| മത്താ. 25:34 | അപ്പോൾ രാജാവ് തന്റെ വലതുഭാഗത്തുള്ളവരോട്, എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യത്തെ അവകാശമാക്കിക്കൊള്ളുവിൻ എന്നു പറയും. |
| മത്താ. 25:40 | അപ്പോൾ രാജാവ് അവരോട് ഉത്തരം പറയും, എന്റെ സഹോദരന്മാരിൽ ഏറ്റവും ചെറിയവരായ, ഇവരിൽ ഒരുവനോടു നിങ്ങൾ ചെയ്തേടത്തോളം, അതു നിങ്ങൾ എന്നോടു ചെയ്തിരിക്കുന്നു എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. |

E. ഈ പഴയനിയമ പ്രവചനങ്ങൾ ക്രിസ്തുവിന്റെ തുടർച്ചയെ സംബന്ധിച്ച വേദപുസ്തകത്തിലെ ഏറ്റവും വലിയ പ്രവചനത്തിൽ എത്തിച്ചേരുന്നു; മത്തായി 16:18-ൽ കർത്താവായ യേശു പറഞ്ഞു: "ഞാൻ എന്റെ സഭയെ പണിയും"; ഇന്നും ഈ പ്രവചനം നിറവേറപ്പെടാതെ തുടരുന്നു:

| | |
|---|---|
| മത്താ. 16:18 | നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ |

പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു.

1. മത്തായി 16-ൽ കർത്താവ് ആരംഭിച്ച സഭയുടെ കെട്ടുപണിയെ സംബന്ധിച്ച പ്രവചനം എഫെസ്യർ 4:13-16-ൽ അപ്പൊസ്തലനായ പൗലൊസിനാൽ തുടരുന്നു, സഭയുടെ കെട്ടുപണിയെ സംബന്ധിച്ച ആ പ്രവചനം ഇന്നും നിറവേറാതെ തുടരുന്നു.

| | |
|---|---|
| Matt 16 | be omitted. |
| എഫെ. 4:13 | ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു, |
| എഫെ. 4:14 | അത് നാം ഇനിമേൽ തിരകളാൽ ഉലയുകയും, തെറ്റിന്റെ വ്യവസ്ഥിതിയുടെ വീക്ഷണത്തോടെ കൗശലത്താൽ, മനുഷ്യരുടെ ഉപായത്താലുള്ള ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുകയും ചെയ്യുന്ന ശിശുക്കൾ ആകാതെ, |
| എഫെ. 4:15 | സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ, |
| എഫെ. 4:16 | അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു. |

2. ഈ പ്രവചനത്തെ ഇന്നും പൂർത്തീകരിക്കപ്പെടാത്ത ക്രിസ്തുവിന്റെ മണവാട്ടിയുടെ ഒരുക്കമായി കാണപ്പെടാം (വെളി. 19:7-9; എഫെ. 5:25-27); സഭയുടെ കെട്ടുപണിയെയും തന്റെ മണവാട്ടിയുടെ ഒരുക്കത്തെയും സംബന്ധിച്ച കർത്താവിന്റെ പ്രവചനത്തിന്റെ നിറവേറൽ അവനെ മടക്കിക്കൊണ്ടുവരും; കർത്താവ് തന്റെ പ്രവചനം നിറവേറ്റേണ്ട സമയം ഇപ്പോഴാണ്.

| | |
|---|---|
| വെളി. 19:7 | നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു. |
| വെളി. 19:8 | അവൾക്കു ധരിക്കേണ്ടതിനു ശുഭ്രവും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം നൽകിയിരുന്നു; നേരിയ ചണനൂൽ വസ്ത്രം വിശുദ്ധന്മാരുടെ നീതികൾ ആകുന്നു. |
| വെളി. 19:9 | അവൻ എന്നോട്, എഴുതുക, കുഞ്ഞാടിന്റെ വിവാഹ |

അത്താഴത്തിലേക്ക് വിളിക്കപ്പെട്ടവർ അനുഗൃഹീതർ എന്നു പറഞ്ഞു. അവൻ എന്നോട്, ഇതു ദൈവത്തിന്റെ സത്യവചനങ്ങൾ ആകുന്നു എന്നു പറഞ്ഞു.

എഫെ. 5:25 ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ,

എഫെ. 5:26 അത് അവൻ വചനത്തിലെ ജലത്തിന്റെ കഴുകലാൽ വെടിപ്പാക്കി അവളെ വിശുദ്ധീകരിക്കേണ്ടതിനും,

എഫെ. 5:27 കറ, ചുളുക്കം മുതലായ യാതൊന്നുമില്ലാതെ, അവൾ വിശുദ്ധയും നിഷ്കളങ്കയും ആകേണ്ടതിന്, അവൻ സഭയെ മഹത്വപൂർണമായി തനിക്കുതന്നെ മുൻനിർത്തേണ്ടതിനും ആകുന്നു.

**III. ക്രസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളായ എല്ലാ വിശ്വാസികൾക്കുമുള്ള ഒരു മാതൃകയായി അപ്പൊസ്തലനായ പൗലൊസ് ക്രിസ്തവിന്റെ തുടർച്ചയായി ക്രിസ്തുവിനെ മഹിമപ്പെടുത്തുന്നതിനുവേണ്ടി ജീവിച്ചു—ഫിലി. 1:19-21; പ്രവൃ. 9:4-5, 15; 26:18-19; 1 തിമൊ. 1:16:**

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

ഫിലി. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

ഫിലി. 1:21a എനിക്കു ജീവിക്കുന്നത് ക്രിസ്തുവും...

പ്രവൃ. 9:4 അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു.

പ്രവൃ. 9:5 നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.

പ്രവൃ. 9:15 എന്നാൽ കർത്താവ് അവനോട്, പോകുക, ഇവൻ ജാതികൾക്കും രാജാക്കന്മാർക്കും, യിസ്രായേൽ പുത്രന്മാർക്കും മുമ്പാകെ എന്റെ നാമം വഹിക്കുവാൻ, എനിക്കായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാകുന്നു;

പ്രവൃ. 26:18 അവർക്ക് പാപങ്ങളുടെ ക്ഷമയും എന്നിലുള്ള വിശ്വാസത്താൽ വിശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്, അവരുടെ കണ്ണുകൾ തുറക്കുവാനും, അവരെ ഇരുട്ടിൽനിന്ന്

വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽനിന്ന് ദൈവത്തിലേക്കും തിരിക്കുവാനും അയയ്ക്കുന്നു.

പ്രവൃ. 26:19 അതുകൊണ്ട് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗീയ ദർശനത്തോട് അനുസരണക്കേടുള്ളവൻ ആയിരുന്നില്ല.

1 തിമൊ. 1:16 എന്നാൽ നിത്യജീവങ്കലേക്ക് അവന്മേൽ വിശ്വസിക്കുവാനിരിക്കുന്നവർക്ക് ഒരു മാതൃകയ്ക്കായി യേശു ക്രിസ്തു തന്റെ സകല ദീർഘക്ഷമയും ഒന്നാമനായ എന്നിൽ പ്രദർശിപ്പിക്കേണ്ടതിന് എന്നോടു കരുണ കാണിച്ചു..

A. പൗലൊസ് ക്രിസ്തുവിന്റെ ഒരു ശിഷ്യനായിരുന്നു—ക്രിസ്തുവിനെ കാണുകയും, ക്രിസ്തുവിനെ കേൾക്കുകയും, യേശുവിൽ യാഥാർഥ്യമുള്ളതുപോലെ ക്രിസ്തുവിനെ പഠിക്കുകയും ചെയ്തു—പ്രവൃ. 9:1-19, 25-27; 22:14-15; എഫെ. 4:20-21.

പ്രവൃ. 9:1 എന്നാൽ ശൗൽ, കർത്താവിന്റെ ശിഷ്യന്മാർക്കെതിരെ അപ്പോഴും ഭീഷണിയും കൊലപാതകവും നിശ്വസിച്ചുകൊണ്ട്, മഹാപുരോഹിതന്റെ അടുക്കൽ പോയി.

പ്രവൃ. 9:2 ഈ മാർഗക്കാരായ പുരുഷന്മാരും സ്ത്രീകളുമായ ആരെയെങ്കിലും കണ്ടെത്തിയാൽ, പിടിച്ചുകെട്ടി യെരൂശലേമിലേക്കു കൊണ്ടുവരേണ്ടതിന്, അവനിൽനിന്ന് ദമസ്കൊസിലേക്ക് സിനഗോഗുകൾക്കായി എഴുത്തുകൾ ആവശ്യപ്പെട്ടു.

പ്രവൃ. 9:3 അവൻ പോകുമ്പോൾ, അവൻ ദമസ്കൊസിനു സമീപം എത്തി, പെട്ടെന്ന് സ്വർഗത്തിൽനിന്ന് ഒരു വെളിച്ചം അവനു ചുറ്റും മിന്നി.

പ്രവൃ. 9:4 അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു.

പ്രവൃ. 9:5 നീ ആരാകുന്നു കർത്താവേ? എന്ന് അവൻ ചോദിച്ചതിന്, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു ഞാൻ.

പ്രവൃ. 9:6 എഴുന്നേറ്റ് പട്ടണത്തിലേക്കു പ്രവേശിക്കുക, നീ എന്തു ചെയ്യേണമെന്ന് നിന്നോടു പറയും എന്ന് അവൻ പറഞ്ഞു.

പ്രവൃ. 9:7 ശബ്ദം കേൾക്കുകയും, എന്നാൽ ആരെയും കാണാതിരിക്കുകയും ചെയ്തിട്ട്, അവനോടുകൂടെ സഞ്ചരിച്ചിരുന്ന പുരുഷന്മാർ മിണ്ടാട്ടമില്ലാതെ നിന്നു.

പ്രവൃ. 9:8 ശൗൽ നിലത്തുനിന്ന് എഴുന്നേറ്റു; അവന്റെ കണ്ണുകൾ തുറന്നിരുന്നെങ്കിലും, അവന് ഒന്നും കാണുവാൻ കഴിഞ്ഞില്ല. അവർ അവനെ കൈപിടിച്ചു ദമസ്കൊസിലേക്ക് കൊണ്ടുവന്നു.

പ്രവൃ. 9:9 അവൻ മൂന്നു ദിവസം കാണാതെയിരുന്നു, അവൻ ഭക്ഷിച്ചതും പാനം ചെയ്തതുമില്ല.

പ്രവൃ. 9:10 ദമസ്കൊസിൽ അനന്യാസ് എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു; കർത്താവ് ഒരു ദർശനത്തിൽ അവനോട്, അനന്യാസേ എന്നു വിളിച്ചു. ഞാൻ ഇതാ, കർത്താവേ എന്ന് അവൻ പറഞ്ഞു.

പ്രവൃ. 9:11 കർത്താവ് അവനോട്, എഴുന്നേറ്റ് നേർവീഥി എന്നു വിളിക്കപ്പെടുന്ന ഇടവഴിയിൽ പോയി, യൂദായുടെ ഭവനത്തിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്കുക; ഇതാ, അവൻ പ്രാർഥിക്കുന്നു;

പ്രവൃ. 9:12 തന്റെ കാഴ്ച ലഭിക്കേണ്ടതിന്, അനന്യാസ് എന്നു പേരുള്ള ഒരു മനുഷ്യൻ അകത്തുവന്ന് തന്റെ മേൽ കൈ വയ്ക്കുന്നത് ഒരു ദർശനത്തിൽ അവൻ കണ്ടിരിക്കുന്നു.

പ്രവൃ. 9:13 എന്നാൽ അനന്യാസ്, കർത്താവേ, അവൻ യെരൂശലേമിലുള്ള നിന്റെ വിശുദ്ധന്മാരോട് എത്രമാത്രം ദുഷ്ടത ചെയ്തിരിക്കുന്നു എന്ന് ഈ മനുഷ്യനെക്കുറിച്ച് അനേകരിൽ നിന്ന് ഞാൻ കേട്ടിരിക്കുന്നു;

പ്രവൃ. 9:14 ഇവിടെയും നിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും ബന്ധിക്കുവാൻ മുഖ്യപുരോഹിതന്മാരിൽ നിന്ന് അവന് അധികാരമുണ്ട്.

പ്രവൃ. 9:15 എന്നാൽ കർത്താവ് അവനോട്, പോകുക, ഇവൻ ജാതികൾക്കും രാജാക്കന്മാർക്കും, യിസ്രായേൽ പുത്രന്മാർക്കും മുമ്പാകെ എന്റെ നാമം വഹിക്കുവാൻ, എനിക്കായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാകുന്നു;

പ്രവൃ. 9:16 എന്റെ നാമത്തിനു വേണ്ടി അവൻ എത്രമാത്രം കഷ്ടം സഹിക്കേണം എന്ന് ഞാൻ അവന് കാണിച്ചുകൊടുക്കും എന്നു പറഞ്ഞു.

പ്രവൃ. 9:17 അനന്യാസോ പുറപ്പെട്ടു പോയി ഭവനത്തിലേക്കു പ്രവേശിച്ചു, തന്റെ കൈ അവന്റെ മേൽ വച്ച്, ശൗലേ, സഹോദരാ, കർത്താവ്—നീ വരുന്ന വഴിയിൽ നിനക്ക് പ്രത്യക്ഷപ്പെട്ട യേശു—നിനക്ക് കാഴ്ച ലഭിക്കേണ്ടതിനും പരിശുദ്ധാത്മാവിനാൽ നിറയേണ്ടതിനും എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു.

പ്രവൃ. 9:18 ഉടനെ അവന്റെ കണ്ണുകളിൽ നിന്ന് ചെതുമ്പൽപോലെ എന്തോ വീണു, അവന് കാഴ്ച ലഭിക്കുകയും അവൻ എഴുന്നേറ്റ് സ്നാനപ്പെടുകയും ചെയ്തു.

പ്രവൃ. 9:19 അവൻ ഭക്ഷണം കഴിച്ചശേഷം, ശക്തി പ്രാപിച്ചു. ചില

നാളുകൾ ദമസ്കൊസിലുള്ള ശിഷ്യന്മാരോടുകൂടെ അവൻ ഉണ്ടായിരുന്നു.

പ്രവൃ. 9:25 എന്നാൽ അവന്റെ ശിഷ്യന്മാർ രാത്രിയിൽ അവനെ എടുത്ത് ഒരു കുട്ടയിൽ താഴ്ത്തിവച്ച് മതിലിലൂടെ താഴെയിറക്കി.

പ്രവൃ. 9:26 പിന്നെ അവൻ യെരൂശലേമിൽ എത്തിയപ്പോൾ, ശിഷ്യന്മാരോട് ചേരുവാൻ ശ്രമിച്ചു; എങ്കിലും അവൻ ഒരു ശിഷ്യനാകുന്നു എന്ന് വിശ്വസിക്കാതെ എല്ലാവരും അവനെ ഭയപ്പെട്ടു.

പ്രവൃ. 9:27 എന്നാൽ ബർന്നബാസ് അവനെ പിടിച്ച് അപ്പൊസ്തലന്മാരുടെ അടുക്കലേക്ക് നയിച്ചിട്ട്, എങ്ങനെ ശൗൽ കർത്താവിനെ വഴിയിൽവച്ച് കാണുകയും കർത്താവ് അവനോട് സംസാരിക്കുകയും ചെയ്തു എന്നും, എങ്ങനെ അവൻ ദമസ്കൊസിൽ യേശുവിന്റെ നാമത്തിൽ ധൈര്യത്തോടെ സംസാരിച്ചു എന്നും അവരോട് വിവരിച്ചു.

പ്രവൃ. 22:14 അവൻ എന്നോട്, നമ്മുടെ പിതാക്കന്മാരുടെ ദൈവം നിന്നെ തന്റെ ഹിതം അറിയുവാനും നീതിമാനായവനെ കാണുവാനും അവന്റെ വായിൽ നിന്നു വരുന്ന ശബ്ദം കേൾക്കുവാനും മുമ്പേ നിയമിച്ചിരിക്കുന്നു.

പ്രവൃ. 22:15 നീ കാണുകയും കേൾക്കുകയും ചെയ്തിരിക്കുന്ന കാര്യങ്ങൾക്ക്, സകല മനുഷ്യർക്കും നീ അവന് ഒരു സാക്ഷിയാകും.

എഫെ. 4:20 യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ നിങ്ങൾ അവനെ കേൾക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ,

എഫെ. 4:21 നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്,

B. ക്രിസ്തുവിനെ ഉൾക്കൊള്ളുവാനും, അവനാൽ നിറയപ്പെടുവാനും, അവന്റെ നിറവിനായി അവനെക്കൊണ്ട് കവിഞ്ഞൊഴുകുവാനും ക്രിസ്തുവിന്റെ തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമായിരുന്നു പൗലൊസ്—പ്രവൃ. 9:15; 2 കൊരി. 4:7; എഫെ. 1:22-23; 3:19.

പ്രവൃ. 9:15 എന്നാൽ കർത്താവ് അവനോട്, പോകുക, ഇവൻ ജാതികൾക്കും രാജാക്കന്മാർക്കും, യിസ്രായേൽ പുത്രന്മാർക്കും മുമ്പാകെ എന്റെ നാമം വഹിക്കുവാൻ, എനിക്കായി തിരഞ്ഞെടുക്കപ്പെട്ട ഒരു പാത്രമാകുന്നു;

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

എഫെ. 1:22 സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തുകയും അവനെ എല്ലാറ്റിനുംമീതെ തലയാക്കി,

എഫെ. 1:23 എല്ലാറ്റിലും എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവന്റെ ശരീരമായ, സഭയ്ക്ക് നൽകുകയും ചെയ്തു.

എഫെ. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

C. പൗലൊസ് ഒരു പ്രാർഥനാ മനുഷ്യനായിരുന്നു—പ്രവൃ. 9:11; 13:1-3; 14:23; 16:13, 25; 20:36; 21:5; 22:17; 28:8; എഫെ. 6:18; കൊലൊ. 4:2.

പ്രവൃ. 9:11 കർത്താവ് അവനോട്, എഴുന്നേറ്റ് നേർവീഥി എന്നു വിളിക്കപ്പെടുന്ന ഇടവഴിയിൽ പോയി, യൂദായുടെ ഭവനത്തിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്കുക; ഇതാ, അവൻ പ്രാർഥിക്കുന്നു;

പ്രവൃ. 13:1 അന്ത്യോക്യയിലെ സ്ഥലം സഭയിൽ, ബർന്നബാസ്, നീഗർ എന്നു പേരുള്ള ശിമ്യോൻ, കുറേനക്കാരനായ ലൂക്യൊസ്, ഇടപ്രഭുവായ ഹെരോദാവിന്റെ വളർത്തു സഹോദരനായ മനായേൻ, ശൗൽ എന്നീ പ്രവാചകന്മാരും ഉപദേഷ്ടാക്കന്മാരും ഉണ്ടായിരുന്നു.

പ്രവൃ. 13:2 അവർ കർത്താവിന് ശുശ്രൂഷിക്കുകയും ഉപവസിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോൾ, ബർന്നബാസിനെയും ശൗലിനെയും ഞാൻ അവരെ വിളിച്ചിരിക്കുന്ന വേലക്കായി ഇപ്പോൾ എനിക്കു വേർതിരിക്കുക എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു.

പ്രവൃ. 13:3 അപ്പോൾ, അവർ ഉപവസിച്ചു പ്രാർഥിക്കുകയും അവരുടെ മേൽ തങ്ങളുടെ കൈ വച്ചശേഷം അവരെ അയയ്ക്കുകയും ചെയ്തു.

പ്രവൃ. 14:23 അവർ ഓരോ സഭയിലും അവർക്കായി മൂപ്പന്മാരെ നിയമിക്കുകയും ഉപവാസങ്ങളോടുകൂടെ പ്രാർഥിക്കുകയും ചെയ്തശേഷം, അവർ വിശ്വസിച്ച കർത്താവിന് അവരെ ഭരമേൽപ്പിച്ചു.

പ്രവൃ. 16:13 ശബ്ബത്തുനാളിൽ ഞങ്ങൾ നദിക്കരികിലെ കവാടത്തിനു പുറത്തേക്കു പോയി, അവിടെ പ്രാർഥനാസ്ഥലം ഉണ്ടാകും എന്നു ഞങ്ങൾ കരുതി; ഞങ്ങൾ അവിടെ ഇരുന്ന് ഒരുമിച്ചു കൂടിവന്ന സ്ത്രീകളോട് സംസാരിച്ചു.

പ്രവൃ. 16:25 ഏകദേശം അർധരാത്രി പൗലൊസും ശീലാസും പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ, ദൈവത്തിന് സ്തുതിഗീതങ്ങൾ പാടി; തടവുകാർ അവരെ

ശ്രവിക്കുകയായിരുന്നു.

പ്രവൃ. 20:36 ഈ കാര്യങ്ങൾ പറഞ്ഞശേഷം, അവൻ എല്ലാവരോടുംകൂടെ മുട്ടുകുത്തി പ്രാർഥിച്ചു.

പ്രവൃ. 21:5 ആ നാളുകൾ പൂർത്തിയാക്കിയ ശേഷം, ഞങ്ങൾ പുറപ്പെട്ട് ഞങ്ങളുടെ വഴിക്കു പോയി, സ്ത്രീകളും കുഞ്ഞുങ്ങളും ഉൾപ്പെടെയുള്ള എല്ലാവരും, പട്ടണത്തിനു പുറത്താകുവോളം അവർ ഞങ്ങൾക്ക് അകമ്പടി വന്നു. ഞങ്ങൾ കടൽക്കരയിൽ മുട്ടുകുത്തി പ്രാർഥിച്ചു കഴിഞ്ഞപ്പോൾ,

പ്രവൃ. 22:17 പിന്നെ ഞാൻ യെരൂശലേമിലേക്കു മടങ്ങിവന്നു ദൈവാലയത്തിൽ പ്രാർഥിക്കുമ്പോൾ ഒരു വിവശതയിലേക്കു പ്രവേശിച്ചു;

പ്രവൃ. 28:8 പുബ്ലിയോസിന്റെ പിതാവ് പനിയും അതിസാരവുംകൊണ്ട് ദീനമായി കിടക്കുകയായിരുന്നു. പൗലൊസ് അകത്ത് അവന്റെ അടുക്കൽ ചെന്ന് പ്രാർഥിച്ചിട്ട് അവന്റെ മേൽ തന്റെ കരങ്ങൾ വച്ച് അവനെ സൗഖ്യമാക്കി.

എഫെ. 6:18 സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

കൊലൊ. 4:2 പ്രാർഥനയിൽ ഉറ്റിരിക്കുവിൻ, സ്തോത്രത്തോടെ അതിൽ ജാഗരിക്കുവിൻ,

D. സകലവും ശരീരത്തിലും, ശരീരത്തിലൂടെയും, ശരീരത്തിനുവേണ്ടിയും ചെയ്തുകൊണ്ട് പൗലൊസ് ശരീരത്തിൽ ആശ്രയിച്ചു—പ്രവൃ. 9:11, 17-18, 25-27; 1 കൊരി. 1:1; 12:14-27.

പ്രവൃ. 9:11 കർത്താവ് അവനോട്, എഴുന്നേറ്റ് നേർവീഥി എന്നു വിളിക്കപ്പെടുന്ന ഇടവഴിയിൽ പോയി, യൂദായുടെ ഭവനത്തിൽ തർസൊസുകാരനായ ശൗൽ എന്നു പേരുള്ളവനെ അന്വേഷിക്കുക; ഇതാ, അവൻ പ്രാർഥിക്കുന്നു;

പ്രവൃ. 9:17 അനന്യാസോ പുറപ്പെട്ടു പോയി ഭവനത്തിലേക്കു പ്രവേശിച്ചു, തന്റെ കൈ അവന്റെ മേൽ വച്ച്, ശൗലേ, സഹോദരാ, കർത്താവ്—നീ വരുന്ന വഴിയിൽ നിനക്ക് പ്രത്യക്ഷപ്പെട്ട യേശു—നിനക്ക് കാഴ്ച്ച ലഭിക്കേണ്ടതിനും പരിശുദ്ധാത്മാവിനാൽ നിറയേണ്ടതിനും എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു.

പ്രവൃ. 9:18 ഉടനെ അവന്റെ കണ്ണുകളിൽ നിന്ന് ചെതുമ്പൽപോലെ എന്തോ വീണു, അവന് കാഴ്ച്ച ലഭിക്കുകയും അവൻ എഴുന്നേറ്റ് സ്നാനപ്പെടുകയും ചെയ്തു.

| | |
|---|---|
| പ്രവൃ. 9:25 | എന്നാൽ അവന്റെ ശിഷ്യന്മാർ രാത്രിയിൽ അവനെ എടുത്ത് ഒരു കുട്ടയിൽ താഴ്ത്തിവച്ച് മതിലിലൂടെ താഴെയിറക്കി. |
| പ്രവൃ. 9:26 | പിന്നെ അവൻ യെരൂശലേമിൽ എത്തിയപ്പോൾ, ശിഷ്യന്മാരോട് ചേരുവാൻ ശ്രമിച്ചു; എങ്കിലും അവൻ ഒരു ശിഷ്യനാകുന്നു എന്ന് വിശ്വസിക്കാതെ എല്ലാവരും അവനെ ഭയപ്പെട്ടു. |
| പ്രവൃ. 9:27 | എന്നാൽ ബർന്നബാസ് അവനെ പിടിച്ച് അപ്പൊസ്തലന്മാരുടെ അടുക്കലേക്ക് നയിച്ചിട്ട്, എങ്ങനെ ശൗൽ കർത്താവിനെ വഴിയിൽവച്ച് കാണുകയും കർത്താവ് അവനോട് സംസാരിക്കുകയും ചെയ്തു എന്നും, എങ്ങനെ അവൻ ദമസ്കൊസിൽ യേശുവിന്റെ നാമത്തിൽ ധൈര്യത്തോടെ സംസാരിച്ചു എന്നും അവരോട് വിവരിച്ചു. |
| 1 കൊരി. 1:1 | ദൈവഹിതത്താൽ യേശു ക്രിസ്തുവിന്റെ വിളിക്കപ്പെട്ട അപ്പൊസ്തലനായ പൗലൊസും, സഹോദരനായ സോസ്ഥനേസും, |
| 1 കൊരി. 12:14 | ശരീരം ഒരു അവയവം അല്ല, പലതത്രേ. |
| 1 കൊരി. 12:15 | ഞാൻ കൈ അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് കാൽ പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നു വരുന്നില്ല. |
| 1 കൊരി. 12:16 | ഞാൻ കണ്ണ് അല്ലാത്തതുകൊണ്ട് ശരീരത്തിലുള്ളതല്ല എന്ന് ചെവി പറയുന്നു എങ്കിൽ, ഇതു നിമിത്തം അത് ശരീരത്തിലുള്ളതല്ല എന്നും വരുന്നില്ല. |
| 1 കൊരി. 12:17 | ശരീരം മുഴുവൻ കണ്ണ് എങ്കിൽ കേൾവി എവിടെ? ശരീരം മുഴുവൻ കേൾവി എങ്കിൽ, ഘ്രാണം എവിടെ? |
| 1 കൊരി. 12:18 | എന്നാൽ ഇപ്പോൾ ദൈവം അവയവങ്ങളെ, ഓരോന്നായി, അവൻ ഇച്ഛിച്ചതുപോലെ ശരീരത്തിൽ ആക്കിവച്ചിരിക്കുന്നു. |
| 1 കൊരി. 12:19 | എല്ലാം ഒരു അവയവം ആയിരുന്നു എങ്കിൽ, ശരീരം എവിടെ? |
| 1 കൊരി. 12:20 | എന്നാൽ ഇപ്പോൾ അവയവങ്ങൾ പലതെങ്കിലും ശരീരം ഒന്നത്രേ. |
| 1 കൊരി. 12:21 | കണ്ണിന് കൈയ്യോട്, എനിക്ക് നിന്റെ ആവശ്യമില്ല എന്നും; അതുപോലെ തലയ്ക്ക് കാലുകളോട്, എനിക്ക് നിങ്ങളുടെ ആവശ്യമില്ല എന്നും പറയുവാൻ കഴിയില്ല. |
| 1 കൊരി. 12:22 | എന്നാൽ ശരീരത്തിൽ ബലം കുറഞ്ഞവ എന്നു തോന്നുന്ന അവയവങ്ങളും ആവശ്യമുള്ളവ ആകുന്നു. |
| 1 കൊരി. 12:23 | ശരീരത്തിൽ മാനം കുറഞ്ഞവ എന്നു നാം കരുതുന്ന അവയവങ്ങളെ നാം അധികം മാനം അണിയിക്കുന്നു; നമ്മുടെ |

|  |  |
|---|---|
|  | അഴകില്ലാത്ത അവയവങ്ങൾ അധികം അഴകുള്ളതായിരിക്കുവാൻ ഇടവരുന്നു, |
| 1 കൊരി. 12:24 | എന്നാൽ നമ്മുടെ അഴകുള്ള അവയവങ്ങൾക്ക് അത് ആവശ്യമില്ല. കുറവുള്ള അവയവത്തിന് അധികം മാനം നൽകിക്കൊണ്ട് ദൈവം ശരീരത്തെ ചേർത്തു സമന്വയിപ്പിച്ചിരിക്കുന്നു, |
| 1 കൊരി. 12:25 | അത് ശരീരത്തിൽ ഒരു ഭിന്നതയും ഇല്ലാതെ, അവയവങ്ങൾ അന്യോന്യം ഒരേ കരുതൽ ഉണ്ടായിരിക്കേണ്ടതിനത്രേ. |
| 1 കൊരി. 12:26 | ഒരു അവയവം കഷ്ടം അനുഭവിക്കുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ കഷ്ടം അനുഭവിക്കുന്നു; ഒരു അവയവം മഹത്വപ്പെടുന്നു എങ്കിൽ, എല്ലാ അവയവങ്ങളും അതിനോടുകൂടെ സന്തോഷിക്കുന്നു. |
| 1 കൊരി. 12:27 | നിങ്ങൾ ക്രിസ്തുവിന്റെ ശരീരവും, വ്യക്തിഗതമായി അവയവങ്ങളും ആകുന്നു. |

E. പൗലൊസ് കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്നത് അനുഷ്ഠിച്ചിരുന്നു— പ്രവൃ. 9:14, 21; 22:16; 2 തിമൊ. 2:22; റോമ. 10:12-13; ഫിലി. 2:9-11.

|  |  |
|---|---|
| പ്രവൃ. 9:14 | ഇവിടെയും നിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എല്ലാവരെയും ബന്ധിക്കുവാൻ മുഖ്യപുരോഹിതന്മാരിൽ നിന്ന് അവന് അധികാരമുണ്ട്. |
| പ്രവൃ. 9:21 | അവനെ കേട്ടവർ എല്ലാം ആശ്ചര്യപ്പെട്ട്, യെരൂശലേമിൽ ഈ നാമം വിളിച്ചപേക്ഷിക്കുന്നവരെ സംഹരിച്ചവനും, മുഖ്യപുരോഹിതന്മാർക്കു മുമ്പാകെ അവരെ ബന്ധിച്ചു കൊണ്ടുപോകേണ്ടതിന്, ഇവിടെ വന്നവനും ഇവനല്ലയോ? എന്നു പറഞ്ഞു. |
| പ്രവൃ. 22:16 | ഇനി വൈകുന്നതെന്ത്? എഴുന്നേറ്റ് അവന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് സ്നാനപ്പെടുകയും നിന്റെ പാപങ്ങൾ കഴുകിക്കളയുകയും ചെയ്യുക. |
| 2 തിമൊ. 2:22 | എന്നാൽ യൗവനമോഹങ്ങളെ വിട്ടോടി, നിർമല ഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിൻപറ്റുക. |
| റോമ. 10:12 | യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു; |
| റോമ. 10:13 | "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും." |

| | |
|---|---|
| ഫിലി. 2:9 | അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു, |
| ഫിലി. 2:10 | അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും, |
| ഫിലി. 2:11 | എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു. |

F. ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിക്കുവേണ്ടി മനുഷ്യരുടെ ഇടയിലും മനുഷ്യർക്കു വേണ്ടിയും മനുഷ്യജീവനിൽ നിർവഹിച്ച കഷ്ടതയുടെ ഒരു ശുശ്രൂഷയായ തന്റെ പ്രസംഗ ശുശ്രൂഷയ്ക്കുവേണ്ടി പൗലൊസ് (കഷ്ടംസഹിക്കുവാനുള്ള ധാരാളമായ ബലത്തോടുകൂടിയ ഒരു മനുഷ്യന്റെ ആത്മാവായ) യേശുവിന്റെ സർവവും-ഉൾക്കൊള്ളുന്ന ആത്മാവിനാൽ ജീവിച്ചു—യോഹ. 7:37-39; പ്രവൃ. 9:16; 16:7, 22-34; ഫിലി. 3:10; കൊലൊ. 1:24; 2 കൊരി. 6:4; 11:23; എബ്രാ. 6:19-20; 13:13.

| | |
|---|---|
| യോഹ. 7:37 | വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. |
| യോഹ. 7:38 | തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും. |
| യോഹ. 7:39 | എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു. |
| പ്രവൃ. 9:16 | എന്റെ നാമത്തിനു വേണ്ടി അവൻ എത്രമാത്രം കഷ്ടം സഹിക്കേണം എന്ന് ഞാൻ അവന് കാണിച്ചുകൊടുക്കും എന്നു പറഞ്ഞു. |
| പ്രവൃ. 16:7 | അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല. |
| പ്രവൃ. 16:22 | പുരുഷാരം അവർക്കെതിരായി ഒരുമിച്ച് എഴുന്നേറ്റു, ന്യായാധിപന്മാർ അവരുടെ വസ്ത്രങ്ങൾ കീറിക്കളഞ്ഞ് അവരെ ദണ്ഡുകൊണ്ട് അടിക്കുവാൻ ആജ്ഞാപിച്ചു. |
| പ്രവൃ. 16:23 | അവരുടെ മേൽ അനേകം പ്രഹരങ്ങൾ നൽകിയ ശേഷം, അവരെ കാരാഗൃഹത്തിലേക്ക് എറിയുകയും, കാരാഗൃഹ സൂക്ഷിപ്പുകാരനോട് അവരെ ഭദ്രമായി കാക്കുവാൻ |

ആജ്ഞാപിക്കുകയും ചെയ്തു.

പ്രവൃ. 16:24 അങ്ങനെ ഒരു ആജ്ഞ ലഭിച്ചിട്ട്, അവൻ അവരെ അകത്തെ തടവറയിലേക്ക് എറിയുകയും അവരുടെ പാദം ആമത്തിൽ ഭദ്രമാക്കുകയും ചെയ്തു.

പ്രവൃ. 16:25 ഏകദേശം അർധരാത്രി പൗലൊസും ശീലാസും പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ, ദൈവത്തിന് സ്തുതിഗീതങ്ങൾ പാടി; തടവുകാർ അവരെ ശ്രവിക്കുകയായിരുന്നു.

പ്രവൃ. 16:26 പെട്ടെന്ന് കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങുംവണ്ണം, ഒരു വലിയ ഭൂകമ്പം ഉണ്ടായി. ക്ഷണത്തിൽ എല്ലാ വാതിലും തുറക്കപ്പെടുകയും, എല്ലാവരുടെയും കെട്ടുകൾ അഴിക്കപ്പെടുകയും ചെയ്തു.

പ്രവൃ. 16:27 കാരാഗൃഹ സൂക്ഷിപ്പുകാരൻ ഉറക്കമുണർന്ന് കാരാഗൃഹത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നത് കണ്ടിട്ട്, തടവുകാർ രക്ഷപ്പെട്ടു എന്നു കരുതി, തന്റെ വാൾ ഊരി തന്നെത്താൻ കൊല്ലുവാൻ പോകുകയായിരുന്നു.

പ്രവൃ. 16:28 എന്നാൽ പൗലൊസ്, നിനക്ക് ഒരു ഹാനിയും വരുത്തരുത്, ഞങ്ങൾ എല്ലാവരും ഇവിടെയുണ്ട് എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

പ്രവൃ. 16:29 കാരാഗൃഹ സൂക്ഷിപ്പുകാരൻ വെളിച്ചം ചോദിച്ച് അകത്തേക്ക് പാഞ്ഞു; അവൻ വിറച്ചുകൊണ്ട് പൗലൊസിനും ശീലാസിനും മുമ്പാകെ വീണ്,

പ്രവൃ. 16:30 അവരെ പുറത്തേക്കു നയിച്ചുകൊണ്ട്, യജമാനന്മാരേ, രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണം എന്ന് ചോദിച്ചു.

പ്രവൃ. 16:31 കർത്താവായ യേശുവിന്മേൽ വിശ്വസിക്കുക, നീയും നിന്റെ ഭവനക്കാരും രക്ഷിക്കപ്പെടും എന്ന് അവർ പറഞ്ഞു.

പ്രവൃ. 16:32 പിന്നെ അവർ കർത്താവിന്റെ വചനം അവനോടും അവന്റെ ഭവനത്തിലുള്ള എല്ലാവരോടും സംസാരിച്ചു.

പ്രവൃ. 16:33 രാത്രിയുടെ ആ നാഴികയിൽ തന്നെ അവൻ അവരെ തന്നോടൊപ്പം കൂട്ടുകയും അവരുടെ മുറിവുകളെ കഴുകുകയും ചെയ്തു. ഉടനെ അവനും അവന്റെ ഭവനക്കാർ എല്ലാവരും സ്നാനപ്പെട്ടു.

പ്രവൃ. 16:34 അവൻ അവരെ മുകളിൽ തന്റെ ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുവന്ന് അവരുടെ മുമ്പാകെ ഒരു മേശ ഒരുക്കി; തന്റെ എല്ലാ ഭവനക്കാരോടുംകൂടെ ദൈവത്തിൽ വിശ്വസിച്ചിരിക്കയാൽ അവൻ ഉല്ലസിച്ചു.

ഫിലി. 3:10 അവന്റെ മരണത്തോട് അനുരൂപപ്പെട്ടുകൊണ്ട്, അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അറിഞ്ഞ്,

കൊലൊ. 1:24 ഇപ്പോൾ ഞാൻ നിങ്ങൾക്കു വേണ്ടിയുള്ള എന്റെ കഷ്ടതകളിൽ സന്തോഷിക്കുകയും ക്രിസ്തുവിന്റെ പീഡകളിൽ കുറവുള്ളത് എന്റെ ജഡത്തിൽ അവന്റെ ശരീരമായ സഭയ്ക്കുവേണ്ടി എന്റെ ഭാഗത്ത് പൂരിപ്പിക്കുകയും ചെയ്യുന്നു;

2 കൊരി. 6:4 സകലത്തിലും ഞങ്ങളെത്തന്നെ ദൈവത്തിന്റെ ശുശ്രൂഷക്കാരായി ഞങ്ങൾ അവതരിപ്പിക്കുന്നു, വളരെ സഹിഷ്ണുതയിൽ, പീഡകളിൽ, ബുദ്ധിമുട്ടുകളിൽ, ഞെരുക്കങ്ങളിൽ,

2 കൊരി. 11:23 അവർ ക്രിസ്തുവിന്റെ ശുശ്രൂഷകരോ? ഞാൻ സുബോധം നഷ്ടപ്പെട്ടവനെ പോലെ സംസാരിക്കുന്നു, ഞാൻ അധികമായി തന്നെ! അധികമായി അധ്വാനിച്ചു, അധികമായി തടവിലായി, ധാരാളം അടികൊണ്ടു, പലപ്പോഴും മരണങ്ങളിൽ.

എബ്രാ. 6:19 അത് ഭദ്രവും ദൃഢവും തിരശ്ശീലയ്ക്കുള്ളിൽ പ്രവേശിക്കുന്നതുമായി, ദേഹിയുടെ നങ്കൂരമായി നമുക്കുണ്ട്,

എബ്രാ. 6:20 അവിടെ മുൻഗാമിയായ യേശു, മൽക്കീസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായിത്തീർന്ന്, നമുക്കായി പ്രവേശിച്ചിരിക്കുന്നു.

എബ്രാ. 13:13 അതുകൊണ്ട് നമുക്ക് അവന്റെ നിന്ദ വഹിച്ചുകൊണ്ട്, പാളയത്തിനു പുറത്ത് അവങ്കലേക്ക് പുറപ്പെട്ടുപോകാം.

G. പൗലൊസ് തന്റെ ഇഴുകിച്ചേർന്ന ആത്മാവിൽ ജീവിച്ചു (ഏകാത്മാവായി തന്റെ മനുഷ്യാത്മാവുമായി ഇഴുകിച്ചേർന്ന ദൈവാത്മാവിൽ)—പ്രവൃ. 17:16; 19:21; റോമ. 8:4, 6, 16; 1 കൊരി. 6:17.

പ്രവൃ. 17:16 പൗലൊസ് അഥേനയിൽ അവർക്കായി കാത്തിരിക്കുമ്പോൾ, ആ പട്ടണം വിഗ്രഹങ്ങളാൽ നിറഞ്ഞിരിക്കുന്നത് കണ്ടിട്ട് അവന്റെ ആത്മാവ് അവനിൽ പ്രകോപിപ്പിക്കപ്പെട്ടു.

പ്രവൃ. 19:21 പിന്നെ ഇവയെല്ലാം നിവൃത്തിയായപ്പോൾ, ഞാൻ അവിടെ പോയശേഷം എനിക്ക് റോമയും കാണണം എന്നു പറഞ്ഞുകൊണ്ട് പൗലൊസ് മക്കെദോന്യയിലൂടെയും അഖായയിലൂടെയും കടന്ന് യെരൂശലേമിലേക്കു പോകുവാൻ തന്റെ ആത്മാവിൽ നിശ്ചയിച്ചു.

റോമ. 8:4 ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ.

| | |
|---|---|
| റോമ. 8:6 | ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു. |
| റോമ. 8:16 | നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു. |
| 1 കൊരി. 6:17 | എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു. |

H. സാരാംശപരമായി തന്റെ നിലനില്പിനു വേണ്ടി സന്തോഷത്തിന്റെ ആത്മാവിനാലും, വ്യവസ്ഥാപരമായി തന്റെ പ്രവർത്തനത്തിനുവേണ്ടി ശക്തിയുടെ ആത്മാവിനാലും പൗലൊസ് നിറഞ്ഞിരുന്നു—പ്രവൃ. 13:9, 52; എഫെ. 5:18.

| | |
|---|---|
| പ്രവൃ. 13:9 | എന്നാൽ പൗലൊസ് കൂടിയായ ശൗൽ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവനെ സൂക്ഷിച്ചു നോക്കിയിട്ട്, |
| പ്രവൃ. 13:52 | ശിഷ്യന്മാരോ സന്തോഷത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞിരുന്നു. |
| എഫെ. 5:18 | വീഞ്ഞ് കുടിച്ച് മത്തരാകരുത്, അതിന്മൂലം നിയന്ത്രണമില്ലായ്മ ഉണ്ടാകുന്നു, എന്നാൽ ആത്മാവിൽ നിറഞ്ഞവരാകുവിൻ, |

I. നല്ലതും നിർമ്മലവുമായ ഒരു മനസ്സാക്ഷി ഉണ്ടായിരിക്കുവാൻ പൗലൊസ് എല്ലായ്പോഴും അവനെത്തന്നെ വ്യായാമംചെയ്തു—പ്രവൃ. 23:1; 24:16; 1 തിമൊ. 1:19; 3:9.

| | |
|---|---|
| പ്രവൃ. 23:1 | പൗലൊസ് സൻഹെദ്രിനെ സൂക്ഷിച്ചു നോക്കിയിട്ട്, പുരുഷന്മാരേ, സഹോദരന്മാരേ, ഇന്നേ ദിവസംവരെ എല്ലാ നല്ല മനസാക്ഷിയോടുംകൂടെ ആകുന്നു ഞാൻ ദൈവമുമ്പാകെ നടന്നിരിക്കുന്നത്. |
| പ്രവൃ. 24:16 | ഇതുനിമിത്തം ദൈവത്തോടും മനുഷ്യരോടും കുറ്റമില്ലാത്ത മനസ്സാക്ഷി എല്ലായ്പ്പോഴും ഉണ്ടായിരിക്കുവാൻ ഞാൻ അഭ്യസിക്കുന്നു. |
| 1 തിമൊ. 1:19 | വിശ്വാസവും നല്ല മനസ്സാക്ഷിയും പിടിച്ചുകൊള്ളുക, ചിലർ ഇവയെ തള്ളിക്കളഞ്ഞ്, വിശ്വാസം സംബന്ധിച്ച് കപ്പൽച്ചേതം സംഭവിച്ചവരായിത്തീർന്നു; |
| 1 തിമൊ. 3:9 | വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം. |

J. എപ്പോഴും കർത്താവിൽ സന്തോഷിക്കുകയും, ഇടവിടാതെ പ്രാർഥിക്കുകയും, എല്ലാറ്റിലും അവന് സ്തോത്രം ചെയ്യുകയും ചെയ്യുന്ന ഒരു ജീവിതം പൗലൊസ് നയിച്ചു—പ്രവൃ. 16:25; 27:35; ഫിലി. 4:4; കൊലൊ. 3:16; 1 തെസ്സ. 5:16-18.

| | |
|---|---|
| പ്രവൃ. 16:25 | ഏകദേശം അർധരാത്രി പൗലൊസും ശീലാസും പ്രാർഥിച്ചുകൊണ്ടിരിക്കുമ്പോൾ, ദൈവത്തിന് സ്തുതിഗീതങ്ങൾ പാടി; തടവുകാർ അവരെ ശ്രവിക്കുകയായിരുന്നു. |
| പ്രവൃ. 27:35 | അവൻ ഇത് പറഞ്ഞശേഷം അപ്പം എടുത്ത്, എല്ലാവരുടെയും മുമ്പാകെ ദൈവത്തിന് സ്തോത്രം ചൊല്ലി, നുറുക്കി ഭക്ഷിക്കുവാൻ തുടങ്ങി. |
| ഫിലി. 4:4 | കർത്താവിൽ എപ്പോഴും സന്തോഷിക്കുവിൻ; വീണ്ടും ഞാൻ പറയും, സന്തോഷിക്കുവിൻ. |
| കൊലൊ. 3:16 | സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം ഉപദേശിച്ചും പ്രബോധിപ്പിച്ചും, നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു കൃപയോടെ പാടിയും, ക്രിസ്തുവിന്റെ വചനം സകല ജ്ഞാനത്തിലും സമ്പന്നമായി നിങ്ങളിൽ വസിക്കട്ടെ. |
| 1 തെസ്സ. 5:16 | എപ്പോഴും സന്തോഷിക്കുവിൻ, |
| 1 തെസ്സ. 5:17 | ഇടവിടാതെ പ്രാർഥിക്കുവിൻ, |
| 1 തെസ്സ. 5:18 | എല്ലാറ്റിലും സ്തോത്രം ചെയ്യുവിൻ; എന്തെന്നാൽ ഇതാകുന്നു നിങ്ങൾക്കു വേണ്ടി ക്രിസ്തു യേശുവിലുള്ള ദൈവഹിതം. |

K. ഭൂമിയുടെ അറ്റത്തോളം യേശുവിന്റെ സാക്ഷ്യം പ്രചരിപ്പിക്കുന്നതിന് യേശുവിന്റെ നാമത്തിൽ സുവിശേഷം ധൈര്യത്തോടെ പ്രസംഗിക്കുവാൻ പൗലൊസ് ദൈവവുമായി സഖ്യത്തിലാകുകയും ദൈവത്താൽ തുണയ്ക്കപ്പെടുകയും ചെയ്തു—പ്രവൃ. 9:20, 27; 26:22-29; 28:31; 1:8; 1 തെസ്സ. 2:2; പ്ര.നി. റോമ. 15:24, 28.

| | |
|---|---|
| പ്രവൃ. 9:20 | ഉടനെ അവൻ യേശുവിനെ, ഇവനാകുന്നു ദൈവപുത്രൻ, എന്നു സിനഗോഗുകളിൽ പ്രഖ്യാപിച്ചു. |
| പ്രവൃ. 9:27 | എന്നാൽ ബർന്നബാസ് അവനെ പിടിച്ച് അപ്പൊസ്തലന്മാരുടെ അടുക്കലേക്ക് നയിച്ചിട്ട്, എങ്ങനെ ശൗൽ കർത്താവിനെ വഴിയിൽവച്ച് കാണുകയും കർത്താവ് അവനോട് സംസാരിക്കുകയും ചെയ്തു എന്നും, എങ്ങനെ അവൻ ദമസ്കൊസിൽ യേശുവിന്റെ നാമത്തിൽ ധൈര്യത്തോടെ സംസാരിച്ചു എന്നും അവരോട് വിവരിച്ചു. |
| പ്രവൃ. 26:22 | അതുകൊണ്ട് ദൈവത്തിൽ നിന്നുള്ള സഹായം ലഭിച്ചിട്ട്, സംഭവിക്കും എന്ന് പ്രവാചകന്മാരും മോശെയും പറഞ്ഞ കാര്യങ്ങളല്ലാതെ മറ്റൊന്നും പറയാതെ, ചെറിയവരോടും വലിയവരോടും സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഞാൻ ഇന്നയോളം നിന്നു, |
| പ്രവൃ. 26:23 | ക്രിസ്തു കഷ്ടം സഹിക്കും എന്നും, മരിച്ചവരിൽനിന്ന് |

ആദ്യനായി ഉയിർത്തെഴുന്നേറ്റ്, ജനത്തിനും ജാതികൾക്കും വെളിച്ചം അറിയിക്കുകയും ചെയ്യും എന്നുതന്നെ.

| | |
|---|---|
| പ്രവൃ. 26:24 | അവൻ ഈ കാര്യങ്ങൾ തന്റെ പ്രതിവാദത്തിൽ പറയുമ്പോൾ, ഫെസ്തൊസ് ഉച്ചത്തിൽ, പൗലൊസേ, നീ ഭ്രാന്തനാകുന്നു, പഠനാധിക്യം നിന്നെ ഭ്രാന്തനാക്കുന്നു എന്നു പറഞ്ഞു. |
| പ്രവൃ. 26:25 | എന്നാൽ പൗലൊസ് പറഞ്ഞു, രാജശ്രീ ഫെസ്തൊസേ,ഞാൻ ഭ്രാന്തനല്ല, സത്യത്തിന്റെയും സുബോധത്തിന്റെയും വാക്കുകളത്രേ ഉച്ചരിക്കുന്നത്. |
| പ്രവൃ. 26:26 | ഈ കാര്യങ്ങളെക്കുറിച്ചു രാജാവ് അറിയുന്നതുകൊണ്ട് അവനോട് ഞാൻ തുറന്നു സംസാരിക്കുന്നു, എന്തെന്നാൽ ഇവയൊന്നും അവന്റെ ശ്രദ്ധയിൽപ്പെടാതെ പോയിട്ടില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു; ഇത് ഒരു കോണിൽ നടന്നതല്ലല്ലോ. |
| പ്രവൃ. 26:27 | അഗ്രിപ്പാ രാജാവേ, നീ പ്രവാചകന്മാരെ വിശ്വസിക്കുന്നുവോ? നീ വിശ്വസിക്കുന്നു എന്ന് ഞാൻ അറിയുന്നു. |
| പ്രവൃ. 26:28 | അഗ്രിപ്പാവ് പൗലൊസിനോട്, ഇത്ര അൽപംകൊണ്ട് നീ എന്നെ ക്രിസ്ത്യാനി ആകുവാൻ പ്രേരിപ്പിക്കുന്നുവോ? |
| പ്രവൃ. 26:29 | അതിന് പൗലൊസ്, നീ മാത്രമല്ല, ഇന്ന് എന്നെ കേൾക്കുന്ന എല്ലാവരും, അൽപംകൊണ്ടും അധികം കൊണ്ടും, ഈ ചങ്ങലകൾ ഒഴികെ, എന്നെപ്പോലെ ആകണമെന്ന് ഞാൻ ദൈവത്തോടു പ്രാർഥിക്കുന്നു. |
| പ്രവൃ. 28:31 | സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുവിനെ സംബന്ധിച്ച സുവിശേഷം ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു. |
| പ്രവൃ. 1:8 | എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും, നിങ്ങൾ യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അങ്ങേയറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു. |
| 1 തെസ്സ. 2:2 | ഫിലിപ്പിയിൽ വച്ച്, നിങ്ങൾ അറിയുംപോലെ തന്നെ, മുമ്പ് കഷ്ടമനുഭവിക്കുകയും നിഷ്ഠൂരമായി അപമാനിക്കപ്പെടുകയും ചെയ്തിട്ട്, വളരെ പോരാട്ടത്തിൽ ദൈവത്തിന്റെ സുവിശേഷം നിങ്ങളോടു സംസാരിക്കുവാൻ ഞങ്ങളുടെ ദൈവത്തിൽ ഞങ്ങൾ ധൈര്യമുള്ളവരായിരുന്നു. |
| റോമ. 15:24 | എപ്പോഴെങ്കിലും ഞാൻ സ്പാന്യയിലേക്ക് പോകുമ്പോൾ, യാത്രാമധ്യേ നിങ്ങളെ കാണുവാനും, നിങ്ങളുടെ സംസർഗത്താൽ, ഭാഗികമായെങ്കിലും ഞാൻ ആദ്യം നിറയപ്പെട്ടിട്ട്, നിങ്ങളാൽ അവിടേക്ക് അയയ്ക്കപ്പെടുവാനും |

പ്രത്യാശിക്കുന്നു.

റോമ. 15:28 അതുകൊണ്ട് ഞാൻ ഇത് പൂർത്തിയാക്കി ഈ ഫലം അവർക്ക് മുദ്രവച്ചതിന് ശേഷം, നിങ്ങളുടെ വഴിയായി സ്പാന്യയിലേക്ക് പോകും.

L. വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് നല്ലതാണെന്ന കർത്താവായ യേശുവിന്റെ വചനം തന്റെ ജീവിതത്തിൽ പ്രദർശിപ്പിച്ചുകൊണ്ട് യേശുവിന്റെ മനുഷ്യത്വത്തിൽ പൗലൊസ് വിശുദ്ധന്മാരെ പരിലാളിക്കുകയും ദൈവത്തിന്റെ നിത്യ വ്യവസ്ഥയുടെ എല്ലാ സത്യങ്ങളാലും ക്രിസ്തുവിന്റെ ദിവ്യത്വത്തിൽ അവരെ പോഷിപ്പിക്കുകയും ചെയ്തു—പ്രവൃ. 20:18-38; 1 തെസ്സ. 2:1-12.

പ്രവൃ. 20:18 അവർ അവന്റെ അടുക്കലേക്കു വന്നപ്പോൾ, അവൻ അവരോട്, ആസ്യയിൽ ഞാൻ കാൽ കുത്തിയ ഒന്നാം നാൾ മുതൽ എല്ലായ്പ്പോഴും നിങ്ങളോടുകൂടെ എങ്ങനെയിരുന്നു എന്ന് നിങ്ങൾതന്നെ അറിയുന്നുവല്ലോ.

പ്രവൃ. 20:19 സകല താഴ്മയോടും കണ്ണുനീരോടും യെഹൂദന്മാരുടെ ഗൂഢാലോചനകളാൽ എന്റെമേൽ വന്ന പരീക്ഷണങ്ങളോടുംകൂടെ ഒരു അടിമയായി കർത്താവിനെ സേവിച്ചുകൊണ്ട്,

പ്രവൃ. 20:20 എപ്രകാരം ഞാൻ നിങ്ങളോടു പ്രസ്താവിക്കാതെയും പരസ്യമായും ഭവനംതോറും ഉപദേശിക്കാതെയും പ്രയോജനമുള്ളവ ഒന്നും പിടിച്ചുവയ്ക്കാതെ,

പ്രവൃ. 20:21 യെഹൂദന്മാരോടും യവനന്മാരോടും ദൈവത്തിങ്കലേക്കുള്ള മാനസാന്തരവും നമ്മുടെ കർത്താവായ യേശുവിലുള്ള വിശ്വാസവും ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തിക്കൊണ്ടിരുന്നു.

പ്രവൃ. 20:22 ഇപ്പോൾ ഇതാ, ഞാൻ ആത്മാവിൽ ബന്ധിതനായി യെരൂശലേമിലേക്കു പോകുന്നു,

പ്രവൃ. 20:23 ചങ്ങലകളും പീഡകളും എന്നെ കാത്തിരിക്കുന്നു എന്ന് പട്ടണം തോറും പരിശുദ്ധാത്മാവ് എന്നോട് ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുന്നത് ഒഴികെ, ഞാൻ അവിടെ എന്തു നേരിടും എന്നറിയുന്നില്ല.

പ്രവൃ. 20:24 എന്നാൽ എന്റെ ഓട്ടവും, ദൈവകൃപയുടെ സുവിശേഷം ഗൗരവത്തോടെ സാക്ഷ്യപ്പെടുത്തുവാൻ കർത്താവായ യേശുവിൽനിന്നു ലഭിച്ച ശുശ്രൂഷയും തികയ്ക്കേണ്ടതിന്, എന്റെ ജീവനെ എനിക്കുതന്നെ വിലയേറിയതായി ഞാൻ കരുതുന്നില്ല.

പ്രവൃ. 20:25 ഇപ്പോൾ ഇതാ, രാജ്യത്തെ പ്രഖ്യാപിച്ചുകൊണ്ട് നിങ്ങളുടെ ഇടയിൽ കടന്നുപോയ എന്റെ മുഖം നിങ്ങൾ എല്ലാവരും

മേലാൽ കാണുകയില്ല എന്ന് ഞാൻ അറിയുന്നു.

പ്രവൃ. 20:26 അതുകൊണ്ട് എല്ലാ മനുഷ്യരുടെയും രക്തത്തിൽനിന്നു ഞാൻ വെടിപ്പുള്ളവനാകുന്നു എന്ന് ഞാൻ നിങ്ങളോട് ഈ ദിവസം സാക്ഷ്യപ്പെടുത്തുന്നു,

പ്രവൃ. 20:27 എന്തെന്നാൽ ദൈവത്തിന്റെ എല്ലാ ആലോചനയും നിങ്ങളോട് പ്രസ്താവിക്കുന്നതിൽനിന്നു ഞാൻ പിൻവലിഞ്ഞില്ല.

പ്രവൃ. 20:28 നിങ്ങളെത്തന്നെയും, ദൈവം തന്റെ സ്വന്തരക്തം മുഖാന്തരം നേടിയ തന്റെ സഭയെ മേയ്ക്കുവാൻ അവരുടെ ഇടയിൽ പരിശുദ്ധാത്മാവ് നിങ്ങളെ മേൽവിചാരകരാക്കി വച്ച സകല ആട്ടിൻകൂട്ടത്തെയും സൂക്ഷിച്ചുകൊള്ളുവിൻ.

പ്രവൃ. 20:29 എന്റെ വിയോഗത്തിനുശേഷം, ആട്ടിൻകൂട്ടത്തെ അവശേഷിപ്പിക്കാത്ത ഘോര ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടന്നുവരും എന്ന് ഞാൻ അറിയുന്നു.

പ്രവൃ. 20:30 ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിക്കുവാനായി വികടിപ്പിക്കുന്ന കാര്യങ്ങൾ സംസാരിച്ചുകൊണ്ട് നിങ്ങളുടെ ഇടയിൽ നിന്നുതന്നെ മനുഷ്യർ എഴുന്നേൽക്കും.

പ്രവൃ. 20:31 അതുകൊണ്ട്, മൂന്നു വർഷം രാത്രിയും പകലും കണ്ണുനീരോടെ നിങ്ങൾ ഓരോരുത്തനെയും ഉദ്ബോധിപ്പിക്കുന്നത് ഞാൻ നിർത്തിയില്ല എന്ന് ഓർത്തുകൊണ്ട്, ഉണർന്നിരിക്കുവിൻ.

പ്രവൃ. 20:32 ഇപ്പോൾ ഞാൻ നിങ്ങളെ ദൈവത്തിനും, നിങ്ങളെ കെട്ടുപണി ചെയ്യുവാനും വിശുദ്ധീകരിക്കപ്പെട്ട എല്ലാവരുടെയും ഇടയിലുള്ള അവകാശം നിങ്ങൾക്ക് നൽകുവാനും കഴിയുന്ന അവന്റെ കൃപയുടെ വചനത്തിനും ഭരമേൽപ്പിക്കുന്നു.

പ്രവൃ. 20:33 ഞാൻ ആരുടെയും വെള്ളിയോ പൊന്നോ വസ്ത്രമോ മോഹിച്ചിട്ടില്ല.

പ്രവൃ. 20:34 ഈ കൈകൾ എന്റെയും എന്നോടുകൂടെ ഉണ്ടായിരുന്നവരുടെയും ആവശ്യങ്ങൾക്ക് ശുശ്രൂഷിച്ചിരിക്കുന്നു എന്ന് നിങ്ങൾതന്നെ അറിയുന്നുവല്ലോ.

പ്രവൃ. 20:35 ഇപ്രകാരം അധ്വാനിച്ചുകൊണ്ട് നാം ബലഹീനരെ സഹായിക്കേണം എന്നും വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് കൂടുതൽ അനുഗൃഹീതം എന്നു കർത്താവായ യേശു തന്നെ പറഞ്ഞ വാക്കുകൾ ഓർക്കുന്നതിനും സകല കാര്യങ്ങളിലും ഞാൻ നിങ്ങൾക്ക് മാതൃകയാൽ കാണിച്ചിരിക്കുന്നു.

പ്രവൃ. 20:36 ഈ കാര്യങ്ങൾ പറഞ്ഞശേഷം, അവൻ എല്ലാവരോടുംകൂടെ മുട്ടുകുത്തി പ്രാർഥിച്ചു.

പ്രവൃ. 20:37 എല്ലാവരും വളരെ കരഞ്ഞു; പൗലൊസിന്റെ കഴുത്തിൽ വീണ്,

പ്രവൃ. 20:38 വിശേഷാൽ തന്റെ മുഖം അവർ ഇനിമേൽ കാണുകയില്ല എന്നു അവൻ സംസാരിച്ച വാക്കുനിമിത്തം വേദനിച്ചുകൊണ്ട് അവർ വാത്സല്യപൂർവം അവനെ ചുംബിച്ചു. പിന്നെ അവർ കപ്പലിലേക്ക് അവനെ അകമ്പടി ചെയ്തു.

1 തെസ്സ. 2:1 സഹോദരന്മാരേ, നിങ്ങളുടെ അടുക്കലേക്കുള്ള ഞങ്ങളുടെ പ്രവേശനം, വ്യർഥമായിരുന്നില്ല എന്ന് നിങ്ങൾതന്നെ അറിയുന്നുവല്ലോ.

1 തെസ്സ. 2:2 ഫിലിപ്പിയിൽ വച്ച്, നിങ്ങൾ അറിയുംപോലെ തന്നെ, മുമ്പ് കഷ്ടമനുഭവിക്കുകയും നിഷ്ഠൂരമായി അപമാനിക്കപ്പെടുകയും ചെയ്തിട്ട്, വളരെ പോരാട്ടത്തിൽ ദൈവത്തിന്റെ സുവിശേഷം നിങ്ങളോടു സംസാരിക്കുവാൻ ഞങ്ങളുടെ ദൈവത്തിൽ ഞങ്ങൾ ധൈര്യമുള്ളവരായിരുന്നു.

1 തെസ്സ. 2:3 എന്തെന്നാൽ ഞങ്ങളുടെ പ്രബോധനം വഞ്ചനയിൽ നിന്നോ അശുദ്ധിയിൽ നിന്നോ കൗശലത്തിലോ അല്ല;

1 തെസ്സ. 2:4 സുവിശേഷത്താൽ ഭരമേൽപ്പിക്കപ്പെടുവാൻ ഞങ്ങൾ ദൈവത്താൽ അംഗീകരിക്കപ്പെട്ടതുപോലെ, മനുഷ്യരെ പ്രസാദിപ്പിക്കുന്നതുപോലെയല്ല ഞങ്ങളുടെ ഹൃദയങ്ങളെ തെളിയിക്കുന്ന ദൈവത്തെ പ്രസാദിപ്പിക്കുന്നതുപോലെയത്രേ ഞങ്ങൾ സംസാരിക്കുന്നത്.

1 തെസ്സ. 2:5 നിങ്ങൾ അറിയുംപോലെ, മുഖസ്തുതിയോടും ദ്രവ്യാഗ്രഹത്തിനായുള്ള ഉപായത്തോടുംകൂടെ ഞങ്ങൾ ഒരിക്കലും കാണപ്പെട്ടിട്ടില്ല; ദൈവം സാക്ഷി.

1 തെസ്സ. 2:6 ക്രിസ്തുവിന്റെ അപ്പൊസ്തലന്മാർ എന്ന ഞങ്ങളുടെ അധികാരത്തിൽ നിൽക്കുവാൻ ഞങ്ങൾക്കു കഴിയുമായിരുന്നെങ്കിലും, ഞങ്ങൾ മനുഷ്യരിൽ നിന്ന്, നിങ്ങളിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ, മഹത്വം അന്വേഷിച്ചില്ല.

1 തെസ്സ. 2:7 എന്നാൽ പാലൂട്ടുന്ന അമ്മ തന്റെ സ്വന്തം മക്കളെ പരിലാളിക്കുന്നതുപോലെ, ഞങ്ങൾ നിങ്ങളുടെ മധ്യേ സൗമ്യതയുള്ളവരായിരുന്നു.

1 തെസ്സ. 2:8 നിങ്ങളെക്കുറിച്ച് ഇപ്രകാരം വാഞ്ഛിച്ചുകൊണ്ട്, നിങ്ങൾ ഞങ്ങൾക്കു പ്രിയരായിത്തീർന്നതിനാൽ, ഞങ്ങൾ ദൈവത്തിന്റെ സുവിശേഷം മാത്രമല്ല, ഞങ്ങളുടെ സ്വന്തം ദേഹികളും കൂടി നിങ്ങൾക്കു പകർന്നുനൽകുവാൻ പ്രസാദിച്ചിരുന്നു.

1 തെസ്സ. 2:9 സഹോദരന്മാരേ, നിങ്ങൾ ഞങ്ങളുടെ അധ്വാനവും വേദനയും

ഓർക്കുന്നുവല്ലോ: നിങ്ങളിൽ ആർക്കും ഭാരമാകാതിരിക്കുവാൻ രാത്രിയും പകലും വേല ചെയ്തുകൊണ്ട്, ഞങ്ങൾ ദൈവത്തിന്റെ സുവിശേഷം നിങ്ങളോട് പ്രഖ്യാപിച്ചു.

1 തെസ്സ. 2:10 വിശ്വസിക്കുന്നവരായ നിങ്ങളുടെ മുമ്പാകെ ഞങ്ങൾ വിശുദ്ധവും നീതിയും കുറ്റമില്ലാത്തതുമായ രീതിയിൽ ഞങ്ങളെത്തന്നെ എങ്ങനെ നടത്തിയെന്നതിന്, നിങ്ങളും ദൈവവും സാക്ഷികൾ ആകുന്നു,

1 തെസ്സ. 2:11 തന്റെ സ്വന്തം രാജ്യത്തിലേക്കും തേജസ്സിലേക്കും നിങ്ങളെ വിളിക്കുന്ന ദൈവത്തിനു യോഗ്യമാംവണ്ണം നിങ്ങൾ നടക്കുവാൻ തക്കവണ്ണം,

1 തെസ്സ. 2:12 ഒരു അപ്പൻ തന്റെ സ്വന്തം മക്കളോടെന്നപോലെ നിങ്ങളെ പ്രബോധിപ്പിച്ചും സാന്ത്വനപ്പെടുത്തിയും സാക്ഷ്യപ്പെടുത്തിയുംകൊണ്ട്, ഞങ്ങൾ നിങ്ങൾ ഓരോരുത്തരോടും എപ്രകാരം ആയിരുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ.

M. പൗലൊസിന്റെ നാലാം ശുശ്രൂഷാ യാത്ര (പ്രവൃ. 27—28) ക്രിസ്തുവിനെ ജീവിക്കുകയും, ക്രിസ്തുവിനെ മഹിമപ്പെടുത്തുകയും, ക്രിസ്തുവിൽ സകലവും ചെയ്യുകയും, ക്രിസ്തുവിൽ കാണപ്പെടുന്നതിനായി ക്രിസ്തുവിനെ പിൻപറ്റുകയും ചെയ്യുന്നതായ ഒരു പ്രത്യേക രീതിയിൽ അവന്റെ ജീവിതത്തെ കാണിക്കുന്നു (ഫിലി. 1:19-21a; 3:8-9, 14; 4:13):

Acts 27-28 be omitted.

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

ഫിലി. 1:20 എന്റെ വ്യഗ്രമായ പ്രതീക്ഷയ്ക്കും പ്രത്യാശയ്ക്കും ഒത്തവണ്ണം, യാതൊന്നിലും ഞാൻ ലജ്ജിച്ചുപോകാതെ, പൂർണ ധൈര്യത്തോടെ, എപ്പോഴും എന്നപോലെ ഇപ്പോഴും ജീവനാലാകട്ടെ മരണത്താലാകട്ടെ ക്രിസ്തു എന്റെ ശരീരത്തിൽ മഹിമപ്പെടും.

ഫിലി. 1:21 എനിക്കു ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു.

ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

ഫിലി. 3:9 അവനിൽ കാണപ്പെടേണ്ടതിനും, ന്യായപ്രമാണത്തിൽ

നിന്നുള്ള എന്റെ സ്വന്ത നീതിയല്ല, ക്രിസ്തുവിലുള്ള വിശ്വാസം മുഖാന്തരം, വിശ്വാസത്തെ ആധാരമാക്കി ദൈവത്തിൽ നിന്നുള്ള നീതി ഉണ്ടായിട്ട്,

ഫിലി. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

ഫിലി. 4:13 എന്നെ, ശക്തനാക്കുന്നവനിൽ സകലവും ചെയ്യുവാൻ ഞാൻ പ്രാപ്തനാകുന്നു.

1. അപ്പൊസ്തലന്റെ ദീർഘവും ദൗർഭാഗ്യകരവുമായ തടവറ-യാത്രയിലുടനീളം, കർത്താവ് അപ്പൊസ്തലനെ തന്റെ ഔന്നത്യത്തിൽ കാക്കുകയും ആശങ്കയുടെ മണ്ഡലത്തിനപ്പുറത്തുള്ള ഒരു ജീവിതം നയിക്കുവാൻ അവനെ പ്രാപ്തനാക്കുകയും ചെയ്തു; ഈ ജീവിതം ഏറ്റവും ഉൽകൃഷ്ടമായ ദിവ്യ സദ്ഗുണങ്ങൾ ആവിഷ്കരിക്കുന്ന ഏറ്റവും ഉയർന്ന നിലവാരമുള്ള മാനുഷിക നന്മകളോടുകൂടെ പൂർണമായി അന്തസ്സുറ്റതായിരുന്നു— പ്രവൃ. 28:5-9.

   പ്രവൃ. 28:5 എന്നിരുന്നാലും അവൻ ആ പാമ്പിനെ തീയിലേക്ക് കുടഞ്ഞു കളഞ്ഞു, യാതൊരു ഹാനിയും സഹിച്ചില്ല;

   പ്രവൃ. 28:6 അവൻ വീർത്തു പൊങ്ങുമെന്നോ അല്ലെങ്കിൽ പെട്ടെന്നു മരിച്ചു വീഴുമെന്നോ അവർ പ്രതീക്ഷിച്ചു. എന്നാൽ അവർ വളരെ നേരം കാത്തിരുന്ന് അവന് അസ്വാഭാവികമായി ഒന്നും സംഭവിക്കുന്നില്ല എന്നു കണ്ടിട്ട്, തങ്ങളുടെ മനസ്സ് മാറ്റി അവൻ ഒരു ദേവനാകുന്നു എന്നു പറഞ്ഞു.

   പ്രവൃ. 28:7 ആ സ്ഥലത്തിന്റെ പരിസരത്ത് പുബ്ലിയോസ് എന്നു പേരുള്ള, ദ്വീപുപ്രമാണിയുടെ നിലങ്ങളായിരുന്നു, അവൻ ഞങ്ങളെ സ്വാഗതം ചെയ്തു, മൂന്നു ദിവസം സൗഹൃദപരമായി ഞങ്ങൾക്ക് അതിഥിസൽക്കാരം നൽകി.

   പ്രവൃ. 28:8 പുബ്ലിയോസിന്റെ പിതാവ് പനിയും അതിസാരവുംകൊണ്ട് ദീനമായി കിടക്കുകയായിരുന്നു. പൗലൊസ് അകത്ത് അവന്റെ അടുക്കൽ ചെന്ന് പ്രാർഥിച്ചിട്ട് അവന്റെ മേൽ തന്റെ കരങ്ങൾ വച്ച് അവനെ സൗഖ്യമാക്കി.

   പ്രവൃ. 28:9 ഇതു സംഭവിച്ചപ്പോൾ, ദ്വീപിൽ രോഗമുണ്ടായിരുന്ന ശേഷിച്ചവരും അവന്റെ അടുക്കൽ വന്നു സൗഖ്യം പ്രാപിച്ചു.

2. ഇത് ദിവ്യമായി സമ്പുഷ്ടാക്കപ്പെട്ട മനുഷ്യത്വത്തിൽ യേശു ഭൂമിയിൽ വീണ്ടും ജീവിക്കുന്നതായിരുന്നു! ഇത് സുവിശേഷങ്ങളിൽ ജീവിച്ചവനും, തന്റെ അനേകം അവയവങ്ങളിൽ ഒരുവനിലൂടെ പ്രവൃത്തികളിൽ തുടർന്നും ജീവിച്ചവനുമായ അത്ഭുതവാനും, ഉൽകൃഷ്ടനും, മാർമികനുമായ ദൈവ-മനുഷ്യനായിരുന്നു! ഇത് ജഡാവതാരം ചെയ്തവനും, ക്രൂശിക്കപ്പെട്ടവനും, ഉയിർത്തെഴുന്നേറ്റവനും, ദൈവത്താൽ ഉയർത്തപ്പെട്ടവനുമായ ക്രിസ്തുവിന്റെ ജീവിക്കുന്ന സാക്ഷിയായിരുന്നു!

**IV. സഭയുടെ ആത്യന്തിക ഫലം ഭാവികാല നിത്യതയിൽ ദൈവത്തിന്റെ പൂർണവും നിത്യവുമായ ആവിഷ്കാരമായ പുതിയ യെരൂശലേം ആയിരിക്കും; അപ്പൊസ്തലനായ പൗലൊസിന്റെ മാതൃകയെ നാം പിന്തുടരുമ്പോൾ, ഇന്ന് നമ്മുടെ എല്ലാ സുവിശേഷ പ്രസംഗത്തിന്റെയും യാഥാർഥ്യവും ലക്ഷ്യവും ഇതായിരിക്കണം—"സകല ധൈര്യത്തോടുംകൂടെ വിഘ്നം കൂടാതെ, ദൈവരാജ്യം പ്രഖ്യാപിക്കുകയും കർത്താവായ യേശുക്രിസ്തുവിനെ സംബന്ധിച്ച കാര്യങ്ങൾ ഉപദേശിക്കുകയും ചെയ്തുകൊണ്ടിരുന്നു"—28:31.**

## ശുശ്രൂഷയിൽ നിന്നുള്ള ഉദ്ധരണികൾ:

## പ്രവൃത്തികളുടെ പുസ്തകത്തിന്റെ തുടർച്ച

തിരുവെഴുത്ത് വായന: പ്രവൃ. 28:30-31; വെളി. 1:11-12, 20

വേദപുസ്തകത്തിൽ അറുപത്താറ് പുസ്തകങ്ങളുണ്ട്. ഈ പുസ്തകങ്ങളിൽ പലതിന്റെയും അവസാനത്തിലെത്തുമ്പോൾ, പുസ്തകം പൂർത്തിയായി എന്ന് നമുക്ക് പറയുവാൻ കഴിയും. ഉല്പത്തിയിൽ അമ്പത് അധ്യായങ്ങളുണ്ട്, നാം അവസാനത്തിലെത്തുമ്പോൾ, നാം അവസാനത്തിലെത്തിയെന്ന് നമുക്ക് തോന്നുന്നു. മത്തായിയുടെ സുവിശേഷത്തിന് ഇരുപത്തെട്ട് അധ്യായങ്ങളുണ്ട്. അധ്യായം 28-ൽ നാം എത്തുമ്പോൾ അവസാനത്തിലെത്തിയതായി നമുക്ക് തോന്നുന്നു. റോമർ 16-ലേക്ക് നാം വരുമ്പോൾ, ഇതാണ് അവസാനമെന്ന് നമുക്ക് തോന്നുന്നു. നാം വെളിപ്പാട് 22 വായിക്കുമ്പോൾ, ഇതാണ് അവസാനമെന്ന് നമുക്ക് തോന്നുന്നു.

എന്നാൽ വേദപുസ്തകത്തിൽ അവസാനമില്ലാത്ത ഒരു പുസ്തകമുണ്ട്. മറ്റ് അറുപത്തഞ്ച് പുസ്തകങ്ങൾക്കും അവസാനമുണ്ട്. എന്നാൽ ഒരു പുസ്തകത്തിന് അവസാനമില്ല. ഈ പുസ്തകം അപ്പൊസ്തല പ്രവൃത്തികളാണ്. പ്രവൃത്തികൾ 28 ഈ രീതിയിൽ അവസാനിക്കുന്നത് എന്തുകൊണ്ടാണ്? പ്രവൃത്തികൾ 28 വായിക്കുമ്പോൾ, പുസ്തകം ഇതുവരെ അവസാനിച്ചിട്ടില്ലെന്ന് നിങ്ങൾക്ക് തോന്നും. ഈ പുസ്തകത്തിന് അവസാനമില്ല. ഈ പുസ്തകം ഇപ്പോഴും തുടരുന്നതിനാൽ അപ്പൊസ്തല പ്രവൃത്തികൾ അവസാനമില്ലാത്ത ഒരു പുസ്തകമാണ്. ഒരുപക്ഷേ ഒന്നാം നൂറ്റാണ്ടിലെ അപ്പൊസ്തലന്മാരുടെ പ്രവൃത്തികൾ അവസാനിച്ചിരിക്കാം, എന്നാൽ പ്രവൃത്തികളുടെ പുസ്തകം

മൊത്തത്തിൽ അവസാനിച്ചിട്ടില്ല. ഇന്നുവരെയും, നമുക്ക് ഇപ്പോഴും അപ്പൊസ്തല പ്രവൃത്തികൾ നമ്മോടുകൂടെ ഉണ്ട്. ഈ പുസ്തകം ഇതുവരെ അവസാനിച്ചിട്ടില്ല.

കർത്താവ് പറഞ്ഞു: "എന്റെ പിതാവ് ഇതുവരെയും വേല ചെയ്യുന്നു, ഞാനും വേല ചെയ്യുന്നു" (യോഹ. 5:17). സാത്താന്റെ മത്സരത്തിനും മനുഷ്യന്റെ വീഴ്ചയ്ക്കും ശേഷം, ദൈവം ഇതുവരെയും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്നും കർത്താവും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്നും ഇത് കാണിക്കുന്നു. പ്രവൃത്തികളുടെ പുസ്തകം എന്താണ്? പ്രവൃത്തികളുടെ പുസ്തകം പൗലൊസിന്റെ പ്രവൃത്തിയുടെ രേഖയോ പത്രൊസിന്റെയോ യോഹന്നാന്റെയോ പ്രവൃത്തിയുടെ രേഖയോ അല്ല. പ്രവൃത്തികളുടെ പുസ്തകം ദൈവത്തിന്റെ പ്രവൃത്തിയുടെ രേഖയാണ്. പ്രവൃത്തികൾ 28-ന് ശേഷം ദൈവം ഒരു പ്രവൃത്തിയും ചെയ്തിട്ടില്ലെന്ന് ആർക്കാണ് പറയുവാൻ കഴിയുക? പ്രവൃത്തികൾ 28-ന് ശേഷം ദൈവത്തിന്റെ പ്രവൃത്തി നിർത്തിയെന്ന് ആർക്കാണ് പറയുവാൻ കഴിയുക?

പ്രവൃത്തികളുടെ പുസ്തകത്തിന് അവസാനമില്ല. അധ്യായം 28-നു ശേഷവും ദൈവത്തിന്റെ പല പാത്രങ്ങളും അവന്റെ വേല ഇപ്പോഴും നിർവഹിച്ചുകൊണ്ടിരിക്കുന്നു. അവന്റെ വേല തുടർന്നുകൊണ്ടിക്കുന്നു, നിർത്തിയിട്ടില്ല. പൗലൊസ് രണ്ടു വർഷം റോമയിൽ വേല ചെയ്തിട്ടും എല്ലാം അവസാനിച്ചില്ല. പൗലൊസ് റോമയിൽ താമസിക്കുകയും പിന്നീട് രക്തസാക്ഷിത്വം വരിക്കുകയും ചെയ്തു. ഇവയൊന്നും പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. പത്രൊസും പൗലൊസും യോഹന്നാനും മൂന്ന് പ്രധാന വ്യക്തികളാണ്, എന്നാൽ അവരുടെ അവസാനങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തികളുടെ പുസ്തകം അവസാനിച്ചുവെന്ന് നമുക്ക് എങ്ങനെ പറയുവാൻ കഴിയും? ദൈവത്തിന്റെ സാക്ഷ്യം ഒരിക്കലും പൂർത്തിയാക്കുവാൻ കഴിയുകയില്ല. ഇരുപത്തൊമ്പതാം അധ്യായമോ മുപ്പതാം അധ്യായമോ നൂറാം അധ്യായമോ ഉണ്ടായാലും നമുക്ക് ഇതേ കാര്യം പറയുവാൻ കഴിയും. ഒരാൾക്ക് കൂടുതൽ എഴുതണമെങ്കിൽ, പുതിയ കാര്യങ്ങൾ എപ്പോഴും ചേർക്കുവാൻ കഴിയും. അതുകൊണ്ടാണ് പ്രവൃത്തികൾ 28-ാം അധ്യായത്തിൽ നിർത്തുന്നത്. 28-ാം അധ്യായത്തിനുശേഷം എഴുതപ്പെട്ട രേഖ ഇനി തുടർന്നില്ലെങ്കിലും, ദൈവത്തിന്റെ വേല നടന്നുകൊണ്ടിരിക്കുന്നു. ഒന്നാം നൂറ്റാണ്ടിലെ വേല കൊടുമുടിയായിരുന്നില്ല. നാലായിരം വർഷമായി ദൈവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പ്രവൃത്തികൾ 28 കൊടുമുടിയായിരുന്നുവെന്ന് നാം പറയുന്നുവെങ്കിൽ, നാം കുന്നിൻ ചുവട്ടിലായിരിക്കണം; നാം കൊടുമുടിയിൽനിന്ന് ഇറങ്ങിയിരിക്കണം. ഇത് സത്യമല്ല, കാരണം കർത്താവ് പറഞ്ഞു: "എന്റെ പിതാവ് ഇതുവരെയും വേല ചെയ്യുന്നു, ഞാനും വേല ചെയ്യുന്നു" (യോഹ. 5:17). പൗലൊസിന്റെ കാലത്ത് ദൈവത്തിന്റെ പ്രവൃത്തി അതിന്റെ ഉന്നതിയിലെത്തിയെന്ന് നാം അനുമാനിക്കരുത്, മാർട്ടിൻ ലൂഥറിന്റെ കാലത്തും ദൈവത്തിന്റെ പ്രവൃത്തി അതിന്റെ ഉന്നതിയിലെത്തിയെന്ന് നാം അനുമാനിക്കരുത്. ഇല്ല, ഒന്നാം നൂറ്റാണ്ട് ദൈവത്തിന്റെ പ്രവൃത്തിയുടെ അവസാനമായിരുന്നില്ല, പതിനാറാം നൂറ്റാണ്ട് അവന്റെ പ്രവൃത്തിയുടെ അവസാനവുമല്ല. കഴിഞ്ഞ നൂറ്റാണ്ടുപോലും ദൈവത്തിന്റെ പ്രവൃത്തിയുടെ അവസാനമായിരുന്നില്ല. അവന്റെ പ്രവൃത്തി രാജ്യം വരെയും പുതിയ ആകാശവും പുതിയ ഭൂമിയും വരെയും തുടരും. ദൈവം എപ്പോഴും മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു; അവൻ ഒരിക്കലും നിർത്തുന്നില്ല.

നാം ഇത് അറിയുകയും ഇതിൽ വിശ്വസിക്കുകയും ചെയ്യുന്നുവെങ്കിൽ, നമ്മുടെ കർത്താവിനെ നാം സ്തുതിക്കും.

തന്റെ യുഗം സഭയുടെ ഏറ്റവും മോശം യുഗമാണെന്ന് മനുഷ്യന് എപ്പോഴും ഒരു തെറ്റിദ്ധാരണയുണ്ട്. മാർട്ടിൻ ലൂഥറിന്റെ കാലത്ത് ചിലർ ഇങ്ങനെ ചിന്തിച്ചു. ജോൺ വെസ്ലിയുടെ കാലത്ത് ചിലർ ഇങ്ങനെ ചിന്തിച്ചു. മാർട്ടിൻ ലൂഥറിന്റെ കാലം ഒരു അത്ഭുതകരമായ യുഗമായും ജോൺ വെസ്ലിയുടെ കാലം ഒരു അത്ഭുതകരമായ യുഗമായും നാം കണക്കാക്കുന്നു. അവരുടെ യുഗങ്ങൾ അത്ഭുതകരമായി നാം കണക്കാക്കുമ്പോൾ, ഞങ്ങൾ ഒരു അത്ഭുതകരമായ യുഗത്തിലായിരുന്നു എന്ന് നമുക്ക് അമ്പത് വർഷങ്ങൾക്കുശേഷം വരുന്ന ചിലർ പറയും. മനുഷ്യൻ നിർത്തുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു. എന്നാൽ ദൈവം ഒരിക്കലും നിർത്തുന്നില്ല. എല്ലാ വർഷവും, താൻ എന്താണ് ചെയ്യുന്നതെന്ന് അവനറിയാം, എത്രമാത്രം പ്രവർത്തിക്കുമെന്ന് അവനറിയാം. എല്ലാ വർഷവും, താൻ ചെയ്യുവാൻ ആഗ്രഹിക്കുന്നത് ദൈവം ചെയ്യുന്നു. അവൻ ദിനംപ്രതി മുന്നോട്ടു പോകുന്ന ഒരു ദൈവമാണ്; അവൻ എപ്പോഴും മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ഹല്ലേലൂയ! ദൈവം മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്ന ഒരു ദൈവമാണ്!

ദൈവം മുന്നേറുമ്പോഴെല്ലാം, അവൻ ചില പാത്രങ്ങൾ കണ്ടെത്തുന്നു. പ്രവൃത്തികളുടെ പുസ്തകത്തിൽ, ദൈവം ചില പാത്രങ്ങൾ കണ്ടെത്തി. മാർട്ടിൻ ലൂഥറിന്റെ കാലത്ത്, ദൈവം ഒരു പാത്രം കണ്ടെത്തി, ജോൺ വെസ്ലിയുടെ കാലത്തും അവൻ ഒരു പാത്രം കണ്ടെത്തി. ഒരു ആത്മീയ ഉണർവ് ഉണ്ടാകുമ്പോഴെല്ലാം, ദൈവം ചില പാത്രങ്ങൾ കണ്ടെത്തുന്നു. ഇന്ന് ദൈവത്തിന്റെ പാത്രം എവിടെയാണ്? പിതാവ് ഇതുവരെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നത് സത്യമാണ്. എന്നാൽ അവനോടൊപ്പം ഒരുമിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ആരാണ്? "ഞാനും പ്രവർത്തിക്കുന്നു" എന്ന് ആർക്ക് പറയുവാൻ കഴിയും? ഇതാണ് നിർണായകമായ ചോദ്യം.

സഹോദരീ സഹോദരന്മാരേ, ദൈവം നമുക്ക് വെളിച്ചം നൽകുകയും ദൈവത്തിന്റെ സത്യം നാം കാണുകയും ചെയ്താൽ, ദൈവം ഇന്ന് അവൻ തുടക്കത്തിൽ നിശ്ചയിച്ച അതേ പാത്രത്തെയാണ് പിന്തുടരുന്നതെന്ന് നാം സമ്മതിക്കും. ഈ പാത്രം സഭയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ദൈവം ഇന്ന് ഒരു വ്യക്തിഗത പാത്രത്തെയല്ല, മറിച്ച് ഒരു സംഘാതന പാത്രത്തെയാണ് പിന്തുടരുന്നത്. ദൈവം ഒരു സംഘാത പാത്രത്തെയാണ് പിന്തുടരുന്നത് എന്നതിനാൽ, അവന്റെ മക്കളെ ക്രിസ്തുവിന്റെ ശരീരത്തെയും ശരീരജീവിതത്തെയും കുറിച്ചുള്ള അവബോധത്തിലേക്ക് കൊണ്ടുവരണം. അല്ലാത്തപക്ഷം, അവർ അവന്റെ കൈകളിൽ ഉപയോഗശൂന്യരാണ്, അവന്റെ ലക്ഷ്യം ഒരിക്കലും നിറവേറ്റുവാൻ കഴിയുകയില്ല.

വെളിപ്പാട് 1 നമ്മോടു പറയുന്നത് സഭകൾ പൊൻ നിലവിളക്കുകളാകുന്നു എന്നാണ്. സഭകൾ കേവലം പൊന്നുകൊണ്ടുള്ളതാണെന്ന് ദൈവം പറയുന്നില്ല; സഭകൾ പൊൻ നിലവിളക്കുകളാണെന്ന് അവൻ പറയുന്നു. സഭ പൊന്നുകൊണ്ടുള്ളതണെങ്കിൽ, അവയ്ക്ക് ദൈവത്തെ തൃപ്തിപ്പെടുത്തുവാൻ കഴിയില്ല. പൊൻ നിലവിളക്കുകൾ പ്രകാശിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നതുകൊണ്ട് സഭകൾ പൊൻ നിലവിളക്കുകളാണെന്ന് ദൈവം പറയുന്നു.

വ്യക്തികളല്ല, സഭ ദൈവമുമ്പാകെ ഒരു നിലവിളക്കാണ്. പൊന്നുകൊണ്ടുള്ളതായിരുന്നാൽ മാത്രം പോരാ, ദൈവത്തിൽനിന്നായിരുന്നാൽ മാത്രവും പോരാ. ദൈവത്തിനുവേണ്ടി പ്രകാശിക്കുന്നതായിരിക്കണം; സഭയുടെ മുമ്പാകെ അവനു വേണ്ടിയുള്ള ഒരു സാക്ഷ്യത്തെ ഒരു നിലവിളക്കായി പരിഗണിക്കുവാൻ കഴിയും.

തന്മൂലം, ദൈവത്തിന്റെ സാക്ഷ്യത്തിനായി സഭ നിലനിൽക്കുന്നു. പൊന്നല്ലാത്തതൊന്നും സഭയല്ല, നിലവിളക്കല്ലാത്തതും സഭയല്ല. ഉള്ളിൽ ജീവൻ ഇല്ലാത്തതെല്ലാം സഭയല്ല, ഉള്ളിൽ സാക്ഷ്യമില്ലാത്തതൊന്നും സഭയല്ല. ഉള്ളിൽ സാക്ഷ്യമില്ലാത്ത യാതൊന്നും സഭയല്ല. ഈ യുഗത്തിൽ ദൈവം എന്താണ് ചെയ്യുന്നതെന്നും അവൻ എന്താണ് ആഗ്രഹിക്കുന്നതെന്നും സഭ മനസ്സിലാക്കണം; ഭൂമിയിലെ ദൈവത്തിന്റെ ഇന്നത്തെ സാക്ഷ്യം എന്താണെന്ന് അത് തിരിച്ചറിയണം. അപ്പോൾ മാത്രമേ സഭയെ പൊൻ വിളക്കുകളായി കണക്കാക്കുവാൻ കഴിയുകയുള്ളൂ.

ലളിതമായി പറഞ്ഞാൽ, ദൈവത്തിന്റെ പ്രവൃത്തി എപ്പോഴും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അവൻ ഇപ്പോഴും ഈ പാത്രത്തെ അന്വേഷിക്കുന്നു. ഇന്ന് അവന്റെ പാത്രം അവൻ തുടക്കത്തിൽ ഉണ്ടായിരിക്കുവാൻ ഉദ്ദേശിച്ച അതേ പാത്രമാണ്; സഭയാണ് ഈ പാത്രം, ഒറ്റയായ വ്യക്തികളല്ല.

ചിലർ ചോദിച്ചേക്കാം, ജയാളികൾ സഭയിൽനിന്ന് പുറത്തുവരുന്നു എന്നതിന്റെ അർത്ഥമെന്താണ്? സഭയിൽനിന്ന് പുറത്തുവരുന്ന ജയാളികൾ ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. എന്നാൽ ജയാളികളുടെ സാക്ഷ്യം പോലും സംഘാത മൊത്തത്തിന്റെ പേരിൽ നിലനിർത്തപ്പെടുന്നു. വ്യക്തികൾക്കു മാത്രമല്ല അത്. ജയാളികൾ തങ്ങളെ അസാധാരണരെന്നും മറ്റുള്ളവരെക്കാൾ മികച്ചവരെന്നും കണക്കാക്കുന്ന മനുഷ്യരല്ല, അവർ മറ്റുള്ളവരെ മാറ്റിനിർത്തുന്നില്ല. ജയാളികൾ മുഴുവൻ സഭയ്ക്കും വേണ്ടി പ്രവർത്തിക്കുന്നു. അവർ വേല ചെയ്യുന്നു, അതേസമയം മുഴുവൻ സഭയും പ്രയോജനം നേടുന്നു. ജയാളികൾ തങ്ങൾക്കുവേണ്ടിയല്ല; അവർ സഭയുടെ അടിത്തറയിന്മേൽ നിലകൊള്ളുന്നു, മുഴുവൻ സഭയെയും പൂർണതയിലേക്ക് കൊണ്ടുവരാൻ അവർ അവിടെയുണ്ട്. അവർ സഭയുടെ അടിത്തറയിൽ നിലകൊള്ളുകയും സഭയ്ക്കുവേണ്ടി അവരുടെ നിലപാട് നിലനിർത്തുകയും ചെയ്യുന്നു. ജയാളികളുടെ വിജയങ്ങൾ പോലും സംഘാത വിജയങ്ങളാണ്.

ദൈവം അന്വേഷിക്കുന്ന പാത്രം സംഘാതമായ ഒന്നാണ്. അതിനാൽ, ശരീരജീവിതം നയിക്കുവാൻ നാം പഠിക്കണം. ശരീരജീവിതം നയിക്കണമെങ്കിൽ, നാം സ്വാഭാവിക ജീവനെ നിഷേധിക്കുകയും ആഴമായ രീതിയിൽ ദൈവത്താൽ വിധിക്കപ്പെടുകയും കൈകാര്യം ചെയ്യപ്പെടുകയും വേണം. നാം അനുസരണം പഠിക്കുകയും, കൂടാതെ കൂട്ടായ്മ പഠിക്കുകയും വേണം. ഈ രീതിയിൽ, നമുക്ക് ദൈവത്തിന്റെ പാത്രമായിത്തീരാനുള്ള അവസരം ഉണ്ടായിരിക്കും. (*The Collected Works of Watchman Nee,* vol. 37, pp. 121-124)

**പ്രവൃത്തികൾക്ക് അവസാനമില്ല**

പ്രവൃത്തികളുടെ പുസ്തകം വാസ്തവത്തിൽ അവസാനിച്ചിട്ടില്ല; മറിച്ച്, കൂടുതൽ ചേർക്കുവാൻ കഴിയുന്ന തരത്തിൽ അത് തുറന്നിട്ടിരുന്നു. ഇതിനുള്ള കാരണം ക്രിസ്തുവിന്റെ വിശ്വാസികളിലൂടെ ക്രിസ്തുവിന്റെ പ്രചരണത്തിനും പെരുക്കത്തിനും വ്യാപനത്തിനും വേണ്ടി ക്രിസ്തുവിനെ പ്രസംഗിക്കുന്നതിൽ പരിശുദ്ധാമത്മാവിന്റെ വേല ഇതുവരെ പൂർത്തിയാകാത്തതും ഒരു നീണ്ട കാലഘട്ടം അത് തുടരേണ്ടത് ആവശ്യമായിരുന്നതുമായിരിക്കണം. ക്രിസ്തുവിന്റെ പ്രചരണത്തിനും പെരുക്കത്തിനും വ്യാപനത്തിനും വേണ്ടിയുള്ള ഇങ്ങനെയുള്ള ഒരു സുവിശേഷ പ്രവർത്തനം ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയനുസരിച്ചാണ്—ദൈവത്തിനുവേണ്ടി അനേകം പുത്രന്മാരെ ഉളവാക്കുന്നതിനും (റോമ. 8:29), ദൈവത്തിന്റെ നിത്യ പദ്ധതി നടപ്പിലാക്കുന്നതിനും അവന്റെ നിത്യഹിതം നിറവേറ്റുന്നതിനുമായി ക്രിസ്തുവിന്റെ ശരീരമായി (റോമ. 12:5) അവർ സംരചിക്കപ്പെടുന്നതിനാണ്. ഈ പുസ്തകത്തെ തുടർന്നുള്ള ഇരുപത്തൊന്ന് ലേഖനങ്ങളിലും വെളിപ്പാട് പുസ്തകത്തിലും ഇത് വിശദമായി വെളിപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെ പ്രചരണത്തിലൂടെയും പെരുക്കത്തിലൂടെയും ഉളവാക്കപ്പെടുന്ന സഭയാണ് ദൈവം ആവിഷ്കരിക്കപ്പെടുകയും ക്രിസ്തുവിൽ അവൻ വാഴുകയും ചെയ്യുന്ന മണ്ഡലം; തന്മൂലം, സഭ ദൈവരാജ്യമായിത്തീരുന്നു. ക്രിസ്തുവിന്റെ പ്രചരണത്തിലൂടെയും പെരുക്കത്തിലൂടെയും ദൈവരാജ്യം ദൈവത്തിന്റെ ജീവനിൽനിന്ന് വളരുകയും വ്യാപിക്കുകയും ചെയ്യുന്നു. പ്രവൃത്തികളുടെ പുസ്തകം ക്രിസ്തുവിന്റെ വ്യാപനത്തിന്റെ ഒരു രേഖയാണ്; അത് ദൈവരാജ്യത്തിന്റെ ഒരു രേഖ കൂടിയാണ്, കാരണം ദൈവരാജ്യം ക്രിസ്തുവിന്റെ വികാസമാണ്. ഈ പുസ്തകത്തിൽ വ്യാപകമായി പ്രസംഗിക്കപ്പെടുന്ന സുവിശേഷം സുവിശേഷമായ ക്രിസ്തു തന്നെയാണ് (5:42), ക്രിസ്തുവിന്റെ സുവിശേഷം, അത് സുവിശേഷമായി ദൈവരാജ്യവും (8:12), ദൈവരാജ്യത്തിന്റെ സുവിശേഷവുമാണ്. അത്തരമൊരു സുവിശേഷത്തിന്റെ പ്രസംഗം ഭൂമി മുഴുവൻ ക്രിസ്തുവിന്റെ രാജ്യമായിത്തീരുന്നതുവരെ തുടരുകയും പുരോഗമിക്കുകയും ചെയ്യും (വെളി. 11:15).

നാല് സുവിശേഷങ്ങളിൽ ദൈവം ജഡാവതാരമെടക്കുകയും, മനുഷ്യജീവിതത്തിലൂടെ കടന്നുപോകുകയും, മരിക്കുകയും, ഉയിർത്തെഴുന്നേൽക്കുകയും, അങ്ങനെ ത്രിയേക ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തുവിനെ പൂർത്തീകരിച്ചു (കൊലൊ. 2:9). പ്രവൃത്തികളിൽ, ജീവൻ നൽകുന്ന ആത്മാവായ ദൈവത്തിന്റെ ഈ ദേഹരൂപം (1 കൊരി. 15:45), ക്രിസ്തുവിനെ തന്റെ വിശ്വാസികളിലേക്ക് വ്യാപിപ്പിക്കുന്നു, അതായത്, പ്രകിയാവിധേയനായ ത്രിയേക ദൈവത്തെ തന്റെ തിരഞ്ഞെടുക്കപ്പെടുകയും, വീണ്ടെടുക്കപ്പെടുകയും, രൂപാന്തരപ്പെടുത്തുകയും ചെയ്ത ജനത്തിലേക്ക് പണിതുചേർത്തുകൊണ്ട് അവരെ സഭയുടെ ഘടകാംശങ്ങളാക്കുന്നു, അതിലൂടെ ദൈവം ആവിഷ്കരിക്കപ്പെടാം. സഭയുടെ ആത്യന്തിക ഫലം, നിത്യതയിൽ ദൈവത്തിന്റെ പൂർണ്ണവും നിത്യവുമായ ആവിഷ്കാരമെന്ന നിലയിൽ പുതിയ യെരുശലേം ആയിരിക്കും, അത് ദൈവത്തിന്റെ നിത്യരാജ്യമായിരിക്കും, അതിൽ അവൻ നിത്യതയിൽ തന്റെ ദിവ്യജീവനിൽ എന്നെന്നേക്കുമായി വാഴുന്നു. ഇന്നത്തെ എല്ലാ സുവിശേഷ പ്രസംഗത്തിന്റെയും യാഥാർത്ഥ്യവും ലക്ഷ്യവും ഇതായിരിക്കണം. (പ്രവൃത്തികൾ 28:31, അടിക്കുറിപ്പ് 2)